# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# കരട് രേഖ


## 20.09.2021

# പെരുമ്പളം പാലം

സമർപ്പണം :

ജില്ലാ കളക്ടർ, ആലപ്പുഴ






**SIA UNIT**

യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ
സോഷ്യൽ സർവ്വീസ് സെന്റർ
കോളേജ് പി.ഒ., കോതമംഗലം - 686 666
ഫോൺ : 9446510628
www.ysso.net, email: ysso95@gmail.com

## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# കരട് രേഖ

# പെരുമ്പളം പാലം

ജില്ല : ആലപ്പുഴ

താലൂക്ക് : ചേർത്തല

വില്ലേജ് : അരൂക്കുറ്റി, പെരുമ്പളം

സമർപ്പണം

**ജില്ലാ കളക്ടർ, ആലപ്പുഴ**

**സ്പെഷ്യൽ തഹസിൽദാർ, (എൽ.എ.) KIIFB, ചേർത്തല**

**എക്സിക്യൂട്ടീവ് എൻജിനിയർ, KRFB, ആലപ്പുഴ**

SIA UNIT

യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ
സോഷ്യൽ സർവ്വീസ് സെന്റർ
കോളേജ് പി.ഒ.
കോതമംഗലം - 686 666
ഫോൺ : 0485 2971222, 9446510628
email: ysso95@gmail.com

YOUTH SOCIAL SERVICE ORGANIZATION, COLLEGE P.O., COCHIN, KERALA-686 666, REG:112/95, KOTHAMANGALAM

## ഉള്ളടക്കം


| | |
|---|---|
| അദ്ധ്യായം 1 | പഠനത്തിന്റെ സംക്ഷിപ്ത രൂപം |
| അദ്ധ്യായം 2 | പദ്ധതിയുടെ വിശദ വിവരങ്ങൾ |
| അദ്ധ്യായം 3 | പഠനസംഘം, പഠനസമീപനം, പദ്ധതി ശാസ്ത്രം |
| അദ്ധ്യായം 4 | സ്ഥലത്തിന്റെ മൂല്യനിർണയം |
| അദ്ധ്യായം 5 | കണക്കാക്കലും ഗണനവും |
| അദ്ധ്യായം 6 | സാമൂഹ്യ സാമ്പത്തിക രൂപരേഖ |
| അദ്ധ്യായം 7 | സാമൂഹ്യാഘാതത്തിന്റെ നിർവ്വഹണം |
| അദ്ധ്യായം 8 | സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി സ്ഥാപന സംവിധാനം |
| അദ്ധ്യായം 9 | സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ബഡ്ജറ്റ് |
| അദ്ധ്യായം 10 | സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി-മേൽനോട്ടവും മൂല്യനിർണ്ണയവും |
| അദ്ധ്യായം 11 | നേട്ടങ്ങളും കോട്ടങ്ങളും അപഗ്രഥനം, ഭൂമി ഏറ്റെടുക്കൽ സംബന്ധിക്കുന്ന നിർദ്ദേശം |
| | സംഗ്രഹം |

| | |
|---|---|
| പദ്ധതിയുടെ പേര് | പെരുമ്പളം പാലം |
| സംസ്ഥാനം | കേരളം |
| ജില്ല | ആലപ്പുഴ |
| താലൂക്ക് | ചേർത്തല |
| റവന്യൂ വില്ലേജ് | പെരുമ്പളം, അരൂക്കുറ്റി |
| പഞ്ചായത്ത് | പെരുമ്പളം, അരൂക്കുറ്റി |
| ഏറ്റെടുക്കേ ഭൂമിയുടെ അളവ് | 106.75 ആർ |
| അർത്ഥനാധികാരി | എക്സിക്യൂട്ടീവ് എൻജിനിയർ, KRFB, ആലപ്പുഴ |
| ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) KIIFB, ചേർത്തല |

## അദ്ധ്യായം 1

# പഠനത്തിന്റെ സംക്ഷിപ്ത രൂപം

### 1.1 ആമുഖം : പദ്ധതിയും ലക്ഷ്യങ്ങളും

ആലപ്പുഴ ജില്ലയിലെ പെരുമ്പളം പാലം നിർമ്മാണത്തിനായി ഭൂമി വിട്ട് നൽകുന്നവർക്കുണ്ടാകുന്ന സാമൂഹികാഘാതത്തെക്കുറിച്ചുള്ള പഠനമാണ് ഈ റിപ്പോർട്ടിലുള്ളത്.

കേരളത്തിലെ ഒരു തീരപ്രദേശ ജില്ലയാണ് ആലപ്പുഴ. ജലോത്സവങ്ങളുടെ നാട് എന്ന് ഈ ജില്ലയെ വിശേഷിപ്പിക്കുന്നു. ആലപ്പുഴ ഉൾനാടൻ ജലഗതാഗതത്തിന്റെ ആസ്ഥാനമാണ്. ഈ ജില്ല മനോഹരമായ കായലുകളും, കനാലുകളും കൊണ്ട് സമ്പന്നമാണ്. തലങ്ങും വിലങ്ങുമായി ഒഴുകുന്ന തോടുകളും അതിലെയുള്ള ജലഗതാഗതവും കണ്ട് കിഴക്കിന്റെ വെനീസ് എന്നാണ് കഴ്സൺ പ്രഭു ആലപ്പുഴയെ വിശേഷിപ്പിച്ചത്. 1957 ഓഗസ്റ്റ് 17 നാണ് ജില്ല രൂപീകൃതമായത്. കേരളത്തിലെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രമാണ് ആലപ്പുഴ.

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിലെ പെരുമ്പളം, അരൂക്കുറ്റി വില്ലേജുകളിൽ ഉൾപ്പെട്ട സ്ഥലമാണ് പദ്ധതി പ്രദേശം. പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെയും അരൂക്കുറ്റി ഗ്രാമപഞ്ചായത്തിന്റെയും പരിധിയിലാണ് പദ്ധതിവരുന്നത്.

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ തൈക്കാട്ടുശ്ശേരി ബ്ലോക്കിൽ എറണാകുളം, കോട്ടയം ജില്ലകളോടു അടുത്ത് സ്ഥിതി ചെയ്യുന്ന വേമ്പനാട് കായലും കൈതപ്പുഴ കായലും ചുറ്റിയുള്ള ദ്വീപ് പഞ്ചായത്തായ പെരുമ്പളം 16.32 ച.കി.മീ. വിസ്തീർണ്ണം ഉള്ള സമതല പ്രദേശമാണ്. പരുംപള്ളം ആണ് പെരുമ്പളം ആയതെന്ന് കരുതപ്പെടുന്നു. പള്ളം എന്നാൽ താണ പ്രദേശം എന്നാണർത്ഥം. പെരും എന്നാൽ വലുത് എന്നും. പെരുമ്പളം എന്നാൽ വലിപ്പമുള്ള താണ പ്രദേശം എന്നർത്ഥം. 1341-ലെ വെള്ളപ്പൊക്കത്തിലാണ് ഈ ദ്വീപ് രൂപം കൊ  തെന്നാണ് നിഗമനം. ഇവിടത്തെ ജനങ്ങളുടെ പ്രധാന തൊഴിൽ മത്സ്യബന്ധനം ആണ്. പിന്നെ തെങ്ങ്, കാപ്പി ആണ്. മൂന്ന് ജില്ലകൾ കാണുന്ന ഒരു ദ്വീപാണ് പെരുമ്പളം. ഓട്ടോറിക്ഷകളുടെ നാട് എന്നാണ് പെരുമ്പളം അറിയപ്പെടുന്നത്.

വേമ്പനാടുകായലിൽ ദേശീയ ജലപാതയുടെ കുറുകെയാണ് പെരുമ്പളംപാലം നിർമ്മിക്കുന്നത്. ഈ പാലത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തിയാണ് പണം അനുവദിക്കുന്നത്. കേരള റോഡ് ഫണ്ട് ബോർഡിനാണ് നിർമ്മാണച്ചുമതല. പെരുമ്പളം ദ്വീപിൽ നിന്ന് അരുക്കുറ്റി വടുതലയുമായിട്ടാണ് പാലം ബന്ധിപ്പിക്കുന്നത്. പെരുമ്പളത്തെ ഏകദേശം 12,000 ഓളം നിവാസികൾക്ക് ഈ പാലം പ്രയോജനപ്പെടുന്നു. ആലപ്പുഴ ജില്ലയിൽപ്പെട്ട പെരുമ്പളം ദ്വീപിന്റെ വടക്കും കിഴക്കും എറണാകുളം ജില്ലയും, തെക്ക് കോട്ടയം ജില്ലയുമാണ്. പടിഞ്ഞാറ് ആലപ്പുഴ ജില്ലയുമാണ്.

ആലപ്പുഴ ജില്ലയുടെ വടക്കേ അറ്റത്തു സ്ഥിതിചെയ്യുന്ന അരുക്കുറ്റി ചരിത്ര പ്രാധാന്യമുള്ള ഒരു ഗ്രാമമാണ്. പഴയ തിരുവിതാകൂർ കൊച്ചിയുടെ അതിരിടുന്ന കൈതപ്പുഴ കായ

ലുമായി തൊട്ടുരുമ്മി നിൽക്കുന്ന സ്ഥലമാണിത്. ആദ്യകാലത്ത് കൊച്ചിയുടെ കീഴിലായി രുന്ന ഈ പ്രദേശം 1750 ൽ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്ത് ചേർത്തല, അമ്പലപ്പുഴ താലൂക്കുകൾ തിരുവിതാംകൂറിന്റെ ഭാഗമാക്കി മാറ്റി. അന്ന് കൊച്ചിയുടെയും തിരുവിതാംകൂറിന്റെയും തന്ത്രപ്രധാനമായ അതിർത്തിയായി പരിഗണിച്ച് ഈ അതിരിൽ നാട്ടിയിരുന്ന അതിരുകുറ്റിയിലൂടെയാണ് ഈ പ്രദേശം അരൂക്കുറ്റിയായി അറിയപ്പെട്ടത്.

മൂന്നു വശവും വേമ്പനാട്ടു കായലിനാൽ ചുറ്റപ്പെട്ട അരൂക്കുറ്റി ഗ്രാമപഞ്ചായ ത്തിന്റെ വടക്കേ അതിർ എറണാകുളം ജില്ലയുമായി അതിരിടുന്ന കൈതപ്പുഴക്കായലും പടി ഞ്ഞാറ് അരൂർ, എഴുപുന്ന പഞ്ചായത്തുകളുമായി അതിരിടുന്ന അരൂർ കായലും കിഴക്ക് പെരുമ്പളം പഞ്ചായത്തുമായി അതിരിടുന്ന വിസ്തൃതമായ പെരുമ്പളം കായലും തെക്ക് പാണാവള്ളി ഗ്രാമപഞ്ചായത്തുമാണ്.

മൂന്നുവശവും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന അരൂക്കുറ്റി ഗ്രാമ പഞ്ചായത്തിൽ ഒരു കാലഘട്ടം വരെ ജലഗതാഗതമായിരുന്നു പ്രധാന മാർഗ്ഗം.

മതിയായ പൊതുഗതാഗത സംവിധാനത്തിന്റെ അഭാവവും, വർദ്ധിച്ചുവരുന്ന വാഹ നപ്പെരുപ്പവും ഗതാഗത സംബന്ധമായ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ഈ ഗതാഗത കുരുക്കിനെ ഗണ്യമായി കുറക്കാൻ ഉതകുംവിധത്തിലുള്ള സംവിധാനമാണ് പെരുമ്പളം പാലം. മെച്ചപ്പെട്ട ഗതാഗതസൗകര്യങ്ങൾ സൃഷ്ടിക്കുന്നതുവഴി സമയലാഭവും മികച്ച യാത്രാ സൗകര്യങ്ങൾ നൽകുന്നതിനോടൊപ്പം സാമൂഹ്യവും സാമ്പത്തികവുമായ വളർച്ച കൈവരി ക്കുന്നതിന് പ്രത്യേകം സഹായിക്കുന്നു. തൊഴിലവസരങ്ങൾ വർദ്ധിക്കുന്നതോടൊപ്പം വാർഷിക വരുമാനത്തിലും വ്യവസായിക വികസനത്തിനും ഈ പദ്ധതി സഹായകമാകു ന്നു.

നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി സ്വകാര്യ ഉടമസ്ഥതയിലുള്ളതും 2013-ലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി നഷ്ടപരിഹാരം നൽകി ഏറ്റെടു ക്കുന്നതിലുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

## 1.2 സ്ഥലം

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കുകളിലെ പെരുമ്പളം, അരൂക്കുറ്റി വില്ലേജുക ളിൽ ഉൾപ്പെട്ട 106.75 ആർ സ്ഥലമാണ് പെരുമ്പളം പാലം പദ്ധതിക്കു വേണ്ടി ഏറ്റെടുക്കു ന്നത്. പെരുമ്പളം പഞ്ചായത്തിലെ 1 (പട്ടേക്കാട്), 13 (ആശുപത്രി), വാർഡിന്റെ പരിധിയിലും അരൂക്കുറ്റി ഗ്രാമപഞ്ചായത്തിലെ 3,7 വാർഡിന്റെ പരിധിയിലുമാണ് പദ്ധതിവരുന്നത്. ഈ പ്രദേശത്ത് വീട് (പൂർണ്ണം), കടമുറി മതിൽ, ഗേറ്റ്, സെപ്റ്റിക് ടാങ്ക്, ശൗച്യാലയം, വൃക്ഷങ്ങൾ, ജലവിതരണ പൈപ്പുകൾ, സ്വകാര്യ വഴി, തുറസ്സായ ഭൂമി എന്നിവയും നഷ്ടമാകുന്നു.

മുകളിൽ പരാമർശിച്ചതു കൂടാതെ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കലിൽ പഞ്ചാ യത്ത് റോഡ്, പൊതുടാപ്പ്, ഉൾപ്പെടുന്നു.

## 1.3 ഭൂമി ഏറ്റെടുക്കുന്നതിന്റെ വിസ്താരവും ഗുണങ്ങളും

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കുകളിലെ പെരുമ്പളം, അരൂക്കുറ്റി വില്ലേജുകളിൽ ഉൾപ്പെട്ട സ്ഥലമാണ് പദ്ധതി പ്രദേശം. നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി 106.75 ആർ സ്ഥലമാണ് ഏറ്റെടുക്കുന്നത്.

സംസ്ഥാനത്തെ ഏറ്റവും വലിയ പാലങ്ങളിൽ ഒന്നാണ് പെരുമ്പളം പാലം. ചേർത്തല താലൂക്കിന്റെ വടക്കുകിഴക്കൻ മേഖലയുടെ വികസനത്തിന് ഈ പാലം നിർണ്ണായക പങ്ക് വഹിക്കുന്നു. ദ്വീപ് നിവാസികളായ പെരുമ്പളം ഗ്രാമീണരുടെ ദീർഘകാല സ്വപ്നമാണ് ഈ പാലം. ദ്വീപ് നിവാസികൾക്ക് പുറംലോകവുമായി ബന്ധപ്പെടാനുള്ള വഴി സാധ്യമാകുന്നു. നിലവിലുള്ള ബോട്ടുകളും ചങ്ങാടങ്ങളും ചെറുവഞ്ചികളും ഉപയോഗിച്ചാണ് തുരുത്തു നിവാസികൾ മറ്റു സ്ഥലവുമായി ബന്ധപ്പെടുന്നത്. ഇതിന് ഒക്കെ പരിഹാര മാർഗ്ഗമാണ് ഈ പുതിയ പാലം.

ഗ്രാമങ്ങളുടെ വികസനഘട്ടത്തിൽ, യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിച്ച്, ഒറ്റപ്പെടൽ ഇല്ലായ്മ ചെയ്യേണ്ടത് ആവശ്യമാണ്. റോഡുകളും പാലങ്ങളും ഗ്രാമങ്ങളെ പട്ടണങ്ങളും മറ്റു പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്നു. പദ്ധതി നിർമ്മാണത്തിലൂടെ ഗ്രാമനിവാസികളുടെ സഞ്ചാരം അനായാസമാക്കുകയും സാമൂഹ്യ, സാമ്പത്തികവികസനം എത്തുകയും ചെയ്യുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ പൊതുജനത്തിന്റെ സുരക്ഷിതവും, സുഗമവുമായ സഞ്ചാര സൗകര്യം മെച്ചപ്പെടുത്തുന്നതിനും, ഉറപ്പാക്കുന്നതിനും സാധിക്കുന്നതാണ്. പാലം പൂർത്തിയാകുന്നതോടെ പ്രദേശത്തെ വിനോദസഞ്ചാരം, കൃഷി, ചെറുകിട വ്യവസായം എന്നീ മേഖലകൾക്ക് വമ്പിച്ച പിൻതുണ ലഭ്യമാകുകയും, ചുറ്റുപാടുമുള്ള ഗ്രാമങ്ങളുടെ സാമ്പത്തിക വളർച്ചയ്ക്ക് വളരെ സംഭാവന ചെയ്യുകയും, തദ്ദേശീയർക്ക് തൊഴിലവസരങ്ങൾ തുറന്ന് കൊടുക്കുകയും ചെയ്യും.

## 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പ്രസ്തുത പദ്ധതിക്കായി ഇതര മാർഗ്ഗങ്ങളോ, സ്ഥലമോ ഇതിനേക്കാൾ അനുയോജ്യമായവ കണ്ടെത്താനായില്ല.

## 1.5 സാമൂഹ്യ പ്രത്യാഘാതങ്ങളും അവ ലഘൂകരിക്കുന്നതിനുള്ള നടപടികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വിശകലനം ചെയ്യുമ്പോൾ നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതങ്ങൾ കൈകാര്യം ചെയ്യുവാൻ നിയമാനുസൃതമായ നഷ്ടപരിഹാര നടപടികൾ മതിയാകും.

| ക്രമ നമ്പർ | ഉണ്ടാകുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘുകരണ നടപടികൾ |
|---|---|---|---|
| 1. | താമസ ഭവനങ്ങളുടെ നഷ്ടം | പുനരധിവാസവും നഷ്ട പരിഹാരവും | പുനരധിവാസവും നഷ്ടപരിഹാരവും |
| 2. | കൃഷിഭൂമിയുടെയും വരുമാനത്തിന്റെയും നഷ്ടം | നഷ്ടപരിഹാരം | ന്യായമായ നഷ്ടപരിഹാരം |
| 3. | മരങ്ങളുടെ നഷ്ടം | നഷ്ടപരിഹാരവും നിയന്ത്രണവും | മതിയായ നഷ്ടപരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 4. | നാണ്യ വിളകളുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം |
| 5. | അവശേഷിക്കുന്ന ഭൂമി യിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം | പ്രവേശനമാർഗ്ഗങ്ങളുടെ പുനസ്ഥാപനം |
| 6. | ശബ്ദം, അന്തരീക്ഷ മലിനീകരണം, ജലമലിനീ കരണം, പൊടി എന്നിവ | നിയന്ത്രണം | പ്രത്യാഘാത ലഘുകരണ നടപടികൾ രൂപരേഖയിൽ ഉൾപ്പെടുത്തുക |
| 7. | ഭൂമി ഏറ്റെടുക്കലിലും നഷ്ടപരിഹാര വിതരണത്തിലും ഉ ാകുന്ന കാലതാമസം | ശരിയായ മേൽനോട്ടവും നിയന്ത്രണവും | ഭൂമി ഏറ്റെടുക്കലിന് മുമ്പ് നഷ്ട പരിഹാരം വിതരണം ചെയ്യുക |
| 8. | ജല സ്രോതസുകളുടെ നഷ്ടം | നിയന്ത്രണം | നടപ്പാക്കൽ ഏജൻസി തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ഭൂഗർഭ ജലപരിപോഷണം ഉറപ്പ് വരുത്തണം |
| 9. | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക |
| 10 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മിറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

## അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1 പദ്ധതിയുടെ പശ്ചാത്തലവും യുക്തിയും

പെരുമ്പളം പാലം പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ ജനകീയ ലക്ഷ്യങ്ങളും, ചിലവ് മുതലായവയും ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 2.2 പദ്ധതിയുടെ സ്ഥലം വലിപ്പം ലക്ഷ്യം ചെലവ് തുടങ്ങിയ വിവരങ്ങൾ

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിലെ പെരുമ്പളം ,അരൂക്കുറ്റി വില്ലേജുകളിൽ ഉൾപ്പെട്ട സ്ഥലമാണ് പദ്ധതി പ്രദേശം. നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി 106.75 ആർ സ്ഥലമാണ് ഏറ്റെടുക്കുന്നത്.

ദ്വീപ് നിവാസികളായ പെരുമ്പളം ഗ്രാമീണരുടെ ദീർഘകാല സ്വപ്നമാണ് ഈ പാലം. പദ്ധതി യാഥാർത്ഥ്യമാക്കുന്നതിലൂടെ ഇതര സ്ഥലങ്ങളിലേക്കുമുള്ള യാത്രാ സൗകര്യം മെച്ചപ്പെടുകയും യാത്ര എളുപ്പത്തിലാക്കുന്നതിനും സമയ ദൈർഘ്യം കുറയ്ക്കുന്നതിനും ഒക്കെ പരിഹാര മാർഗ്ഗമാണ് ഈ പുതിയ പാലം. ഇവിടുത്തെ ജനങ്ങൾ അധികവും കൃഷി, മത്സ്യബന്ധനം, മത്സ്യസംസ്കരണം, കെട്ടിടനിർമ്മാണം, കച്ചവടം തുടങ്ങിയ മേഖലകളിൽ ജോലി ചെയ്യുന്നു. സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ മേഖല, ഐ.റ്റി. നഗരമായ കൊച്ചി യുമായി ഇടചേർന്ന് തൊഴിൽ മേഖലകളിലും തൊഴിൽ ചെയ്യുന്ന നല്ലൊരു വിഭാഗമുണ്ട്. വിദ്യാഭ്യാസ നിലവാരം ഉയർന്നതും ഓരോ മേഖലയിലും വൈദഗ്ദ്ധ്യമുള്ളവരും വസിക്കുന്ന ശാന്തസുന്ദരമായ ഗ്രാമീണ ജനവിഭാഗമാണ് ഇവിടുള്ളത്. ഓരോ മേഖലയുടേയും അവസ്ഥ കളും പ്രശ്നങ്ങളും പരിഹാരവും പദ്ധതി ആസൂത്രണത്തിന് ഏറെ പ്രാധാന്യം ഏകുന്നു.

പാലം പൂർത്തിയാകുന്നതോടെ പ്രദേശത്തെ വിനോദസഞ്ചാരം, കൃഷി, ചെറുകിട വ്യവസായം എന്നീ മേഖലകൾക്ക് വമ്പിച്ച പിൻതുണ ലഭ്യമാകുകയും, ചുറ്റുപാടുമുള്ള ഗ്രാമങ്ങ ളുടെ സാമ്പത്തിക വളർച്ചയ്ക്ക് വളരെ സംഭാവന ചെയ്യുകയും, കൂടുതൽ യാത്രാസൗക ര്യവും, ഭൂമിവിലയുടെ വർദ്ധനവും, അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും പദ്ധതി മൂലം ഉണ്ടാകുന്ന പ്രയോജനങ്ങളാണ്. മെച്ചപ്പെട്ട ഗതാഗതസൗകര്യങ്ങൾ, വഴിയും സമയവും ലാഭി പ്പിക്കുകയും, വ്യവസായ സ്ഥാപനങ്ങൾ പോഷിപ്പിക്കപ്പെടുകയും, ഈ പ്രദേശത്ത് തൊഴിലവ സരങ്ങൾ തുറക്കപ്പെടുകയും ചെയ്യുന്നതിനും സഹായിക്കുന്നു. നിർദ്ദിഷ്ട പദ്ധതിയുടെ മൊത്തം ചിലവ് 95.86 കോടി രൂപയാണ്. പദ്ധതിയ്ക്ക് KIIFB അംഗീകാരമുള്ളതാണ്.

## 2.3 പദ്ധതിനിർമ്മാണ ഘട്ടങ്ങൾ

പദ്ധതി പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## 2.4 ഗതാഗത അനുബന്ധസൗകര്യങ്ങളുടെ ആവശ്യകത

കേരളത്തിന്റെ ഗതാഗതത്തിന് നല്ലൊരു ശൃഖല തന്നെയുണ്ട്. റോഡ് മാർഗ്ഗം, റെയിൽ മാർഗ്ഗം, വ്യോമ മാർഗ്ഗം, ജല മാർഗ്ഗം എന്നീ ശൃംഖലകളെ സംസ്ഥാനം നല്ല രീതിയിൽ ബന്ധപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിലെ എന്നുതന്നെയല്ല, ലോകത്തിലെ തന്നെ മികച്ച വാണിജ്യ- വിനോദ സഞ്ചാര കേന്ദ്രങ്ങളിലൊന്നായി കേരളം മാറിയിട്ടുണ്ട്. റോഡ് വഴിയുള്ള ഗതാഗതം ചെലവ് കുറഞ്ഞതും എളുപ്പമുള്ളതും ആയതിനാൽ കൂടുതൽ പേരും ഇതിനെ ആശ്രയിക്കുന്നു.

## 2.5 പദ്ധതിയുടെ പൊതു ആവശ്യ പ്രസക്തി

ഭൂമി ഏറ്റെടുക്കുന്നതും ലക്ഷ്യം വയ്ക്കുന്നതും സാമൂഹ്യ പ്രത്യാഘാത പഠനത്തിന് വിധേയമാകുന്നതുമായ പെരുമ്പളം പാലം പദ്ധതി കേരളത്തിന്റെ സാമ്പത്തിക പുരോഗതിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യം വയ്ക്കുന്നതാണ്.

## 2.6 പരിസ്ഥിതി ആഘാത വിലയിരുത്തൽ

പൊതുജന ഉപയോഗത്തിനായുള്ള പെരുമ്പളം പാലം പദ്ധതി ആയതിനാൽ സാധാരണ വികസനപ്രവർത്തനത്തിനായുള്ള ചെറിയ പാരിസ്ഥിതികാഘാതത്തെ അപേക്ഷിച്ച് കൂടുതൽ, സ്വീകാര്യമായ മഹനീയത ലഭിക്കുമെന്ന് തോന്നുന്നു.

- പരിസ്ഥിതി സൗഹൃദമായ നിർമ്മാണ പ്രവർത്തനം ഉറപ്പുവരുത്തണം.
- പ്രദേശങ്ങളിലെ പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കപ്പെടണം.
- നിർമ്മാണ ഘട്ടത്തിലും തുടർന്നും ഒരു സമിതി സൂക്ഷ്മമായി നിരീക്ഷിച്ച പ്രദേശത്തിന്റെ പാരിസ്ഥിതിക മൂല്യത്തിന് കോട്ടം തട്ടാതിരിക്കുവാൻ ജാഗരൂകമായിരിക്കണം.

## 2.7 പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

പെരുമ്പളം പാലം പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ, സുതാര്യത, പുനരധിവാസം, പുനസ്ഥാപനം എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിയമങ്ങളും ചട്ടങ്ങളും ബാധകമാകുന്നതാണ്.

| ക്രമ നമ്പർ | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും | പ്രത്യാഘാത ലഘൂകരണം |
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നിയമം<br>2005 ലെ വിവരാവകാശ നിയമം<br>വൈകല്യങ്ങളുള്ള വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിച്ച 2016ലെ ആക്ട് | ഭൂമി ഏറ്റെടുക്കൽ<br>പുനരധിവാസവും<br>പുനസ്ഥാപനവും |

## വിവരാവകാശ നിയമം 2005

പൗരന്മാരെ ശാക്തീകരിക്കുക, ഭരണത്തിൽ സുതാര്യതയും, ഉത്തരവാദിത്വവും ഉറപ്പാക്കുക, അഴിമതികൾ തടയുക എന്നിവയിലൂടെ ജനാധിപത്യ പ്രക്രിയ കൂടുതൽ ശക്തവും ജനകേന്ദ്രീകൃതവും ആക്കുന്നതിനു വേണ്ടിയാണ് 2005 ൽ വിവരാവകാശ നിയമം പ്രാബല്യത്തിൽ വന്നത്. ജനാധിപത്യ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് വിവരങ്ങൾ അറിവുള്ള ഒരു പൗരസമൂഹം അത്യന്താപേക്ഷിതമാണ്. പൗരന്മാർക്ക് സർക്കാരുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അറിവ് നൽകുന്നതിനുള്ള ഏറ്റവും കാര്യക്ഷമമായ ഒരു നിയമമാണിത്.

## വൈകല്യമുള്ള വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച നിയമം 2016

വൈകല്യമുള്ള വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച 2016 ലെ നിയമം, ഇത്തരം വ്യക്തികളെ സാമൂഹ്യമായും, സാമ്പത്തികമായും ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിലവിൽ വന്നത്. വൈകല്യമുള്ളവരുടെ സമത്വവും, പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക എന്നത് ഒരു വശത്തും, മറുവശത്ത് വിവേചനങ്ങളെ നിയമം മൂലം ഇല്ലായ്മ ചെയ്യുക എന്നതും ഈ ആക്ടിന്റെ പ്രത്യേകത ആണ്.

### അദ്ധ്യായം 3

# പഠനസംഘം പഠന സമീപനം പദ്ധതി ശാസ്ത്രം

## 3.1 പശ്ചാത്തലം

കേരളാ ഗസറ്റ് വിജ്ഞാപനം നമ്പർ G4-2020/19 തീയതി 10/08/2021 അനുസരിച്ച് പെരുമ്പളം പാലം പദ്ധതിയുടെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുത്തത് മൂലം ഉണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷനെ നിയോഗിച്ചു.

ഭൂമി ഏറ്റെടുക്കൽ പ്രക്രിയയുടെ ഫലമായി ഭൂമി, നിർമ്മിതികൾ, ആഘാത ബാധിതരായ വ്യക്തികൾ, കുടുംബങ്ങൾ, പൊതു-സ്വകാര്യസ്വത്ത് വകകൾ എന്നിവക്കുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് പഠനം നടത്തി സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കി ജില്ലാകളക്ടർക്ക് സമർപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പഠന പ്രക്രിയ നടത്തുന്നത്. ഈ പഠനപ്രക്രിയയുടെ ഭാഗമായി പ്രാഥമിക, ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ട വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്നും വ്യവസ്ഥാപിതമായ രീതിയിൽ ശേഖരിച്ചാണ് പഠനപ്രക്രിയ പൂർത്തീകരിച്ചിരിക്കുന്നത്. ഇതിനാവശ്യമായ ചോദ്യാവലി തയ്യാറാക്കി ആഘാതബാധിതരായ വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെ നേരിട്ട് സമീപിച്ച് വിവരങ്ങൾ ശേഖരിച്ചിരിക്കുന്ന രീതിയാണ് അവലംബിച്ചത്.

## 3.2 സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനവും, നിർവ്വഹണ പ്ലാൻ തയ്യാറാക്കൽ

ഭൂമിയും വസ്തുവകകളും ഏറ്റെടുക്കേണ്ടിവരുന്നത് സാമൂഹ്യവും സാമ്പത്തികവുമായ സുസ്ഥിരതയ്ക്ക് ആഘാതം സൃഷ്ടിക്കുന്ന സാഹചര്യത്തിൽ സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ നടത്തി പുനരധിവാസ കർമ്മ പദ്ധതി ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്. ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പുള്ള അതേ അവസ്ഥയിൽ തന്നെ ആഘാത ബാധിതരായ ജനങ്ങളുടെ ഉപജീവനോപാധികൾ പുനസ്ഥാപിക്കുന്നതിനുള്ള പദ്ധതികളാണ് പുനരധിവാസ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടത്. ഇത്തരത്തിലുള്ള ആവശ്യകതകൾ മുന്നിൽ കണ്ടാണ് സാമൂഹിക പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയത്.

സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിലയിരുത്തൽ പഠനത്തിന്റെ സമീപനവും പദ്ധതി ശാസ്ത്രവുമാണ് ചിത്രം 3.1ൽ ഫ്ളോചാർട്ട് രൂപത്തിൽ നൽകിയിരിക്കുന്നത്. കൂടാതെ, പഠനത്തിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

## ചിത്രം 3.1 സാമൂഹ്യ പ്രത്യാഘാത പഠന രീതിയും മാർഗ്ഗങ്ങളും

### ഘട്ടം 1 സർവ്വേക്ക് മുമ്പുള്ള പ്രവർത്തികൾ

| സാമൂഹ്യ അവലോകനവും പ്രാഥമിക കൂടിയാലോചനയും | പ്രാഥമിക സർവ്വേയും വാതിൽപ്പുറ ജോലിയുടെ ആരംഭവും |
|---|---|
| • വിശദമായ പദ്ധതി അവലോകനം<br>• പദ്ധതി രൂപരേഖ തയ്യാറാക്കൽ<br>• RFCT in LARR നിയമം 2013<br>• ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സംസ്ഥാന നിയമം | • പ്രാരംഭ പഠനം<br>• തയ്യാറെടുപ്പും സർവ്വേ ഉപകരണങ്ങളുടെ പരിശോധനയും<br>• വിവര ശേഖരണത്തിനായുള്ള സംഘങ്ങളെ കണ്ടെത്തൽ<br>• പ്രഥമ റിപ്പോർട്ടിന്റെ അന്തിമരൂപം നൽകൽ |

### ഘട്ടം 2 വിവര ശേഖരണ രീതിയും നടത്തിപ്പും നിർവ്വഹണ സംവിധാനം

| പദ്ധതി ബാധിത കുടുംബങ്ങൾ/ ജനങ്ങൾ സമൂഹം | പദ്ധതി നടപ്പിലാക്കാനാവശ്യമായ സജ്ജീകരണങ്ങൾ |
|---|---|
| • ഫീൽഡ് സ്റ്റാഫിന് പരിശീലനം നൽകൽ<br>• പദ്ധതി ബാധിത കുടുംബാംഗങ്ങളുമായി നടത്തിയ വിവര ശേഖരണം<br>• ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകൾ | • നിയമപരമായ നയങ്ങളുടെയും നിയന്ത്രണങ്ങളുടെയും വിശകലനം<br>• പുനരധിവാസ പദ്ധതിയെക്കുറിച്ച് സ്ഥലത്തെ ഉദ്യോഗസ്ഥരുമായുള്ള വിശകലനം<br>• വിവരങ്ങളുടെ വിശകലനം<br>• വിവരശേഖരണവും വിശകലനവും പ്രത്യാഘാത വിലയിരുത്തലിന്റെ കരട് രൂപം |

### ഘട്ടം 3 സർവ്വേക്ക് ശേഷമുള്ള പ്രവർത്തികളും വിശകലന രൂപ രേഖയും

| വിവരങ്ങൾ പട്ടിക രൂപത്തിലാക്കുകയും വിശകലന രൂപരേഖയും | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിൻമേലുള്ള ആലോചനകൾ |
|---|---|
| • വിവരങ്ങളുടെഏകോപനവും ക്രോഡീകരണവും രേഖപ്പെടുത്തലും<br>• സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെ അന്തിമമായ രൂപപ്പെടുത്തൽ<br>• സർവ്വേയിലൂടെലഭിച്ചവിവരങ്ങളുടെ വിശകലനം<br>• കരട് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെ കരട് രേഖ തയ്യാറാക്കലും സമർപ്പിക്കലും | • പബ്ലിക് ഹിയറിങ് സംഘടിപ്പിക്കൽ<br>• സാമൂഹ്യ പ്രത്യാഘാതങ്ങൾ വിലയിരുത്തലിന്റെ ഭാഗമായി കണ്ടെത്തിയ കാര്യങ്ങൾ പദ്ധതി ബാധിത ജനങ്ങളുമായും കൂടിയാലോചിക്കൽ<br>• തൽപര കക്ഷികളുമായി അവരുടെ ആശങ്കകൾ പങ്കുവയ്ക്കൽ<br>• ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകനവും അഭിപ്രായങ്ങളും<br>• അഭിപ്രായങ്ങളുടെ സംയോജനവും അന്തിമ സാമൂഹ്യ പ്രത്യാഘാത പഠനറിപ്പോർട്ട് സമർപ്പിക്കൽ |

### 3.3 പഠനം സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ അദ്ധ്യക്ഷനായ യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷന്റെ ടീം ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലും നടത്തിയ അനുഭവസമ്പത്തുള്ള 6 പേരടങ്ങുന്ന സംഘമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിനു വേണ്ടിയുള്ള വിവരശേഖരണം ഏകോപനവും നടത്തിയത്. വികസന, നിയമ മേഖലകളിലെ വിദഗ്ദ്ധരുടെ സേവനവും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനും പ്രയോജനപ്പെടുത്തി. കൂടാതെ പ്രത്യാഘാത ബാധിത പ്രദേശങ്ങൾ കണ്ടെത്തുവാൻ റവന്യു ഉദ്യോഗസ്ഥ പ്രതിനിധികളുടെ സഹായവും ഉണ്ടായിരുന്നു.

| ക്രമ നമ്പർ | പേര് | സ്ഥാനം, യോഗ്യത, പ്രവർത്തി പരിചയം |
|---|---|---|
| 1. | ജോസ് പരുത്തുവയലിൽ | MSW, ഡയറക്ടർ, 22 വർഷത്തെ SIA യൂണിറ്റിൽ പ്രവർത്തിപരിചയം |
| 2. | കുര്യാക്കോസ് ജോർജ് | പ്രൊജക്റ്റ് കോർഡിനേറ്റർ, LLB വികസന മേഖലയിൽ 15 വർഷത്തെ പ്രവർത്തിപരിചയം |
| 3. | ബൈജു പി.ടി | റിസർച്ച് അസോസിയേറ്റ്, MSW വികസന മേഖലയിൽ 10 വർഷത്തെ പ്രവർത്തി പരിചയം |
| 4. | സവിത സജീഷ് | റിസർച്ച് അസോസിയേറ്റ്, B.A, വികസന മേഖലയിൽ 5 വർഷത്തെ പ്രവർത്തി പരിചയം |
| 5 | മിനി ജിബിഷ് | റിസർച്ച് അസോസിയേറ്റ്, B.A വികസന മേഖലയിൽ 5 വർഷത്തെ പ്രവർത്തി പരിചയം |
| 6 | യദുകൃഷ്ണൻ എ. | കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർ, B.Com വികസന മേഖലയിൽ 1 വർഷത്തെ പ്രവർത്തി പരിചയം |

### 3.4 ദ്വിതീയ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ

മുൻപ് നടത്തിയിട്ടുള്ള പഠനങ്ങളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയാണ് ദ്വിതീയ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ തയ്യാറാക്കിയത്. പദ്ധതി ബാധിത പ്രദേശങ്ങളിൽ നടത്തിയ സർവ്വേയിൽ പദ്ധതി ബാധിതരുടെ വിവരങ്ങളും അവിടുത്തെ ജനങ്ങളുടെ ഭൗതികവും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ അവസ്ഥകളെക്കുറിച്ച് മനസ്സിലാക്കുവാൻ സാധിച്ചു.

### 3.5 പദ്ധതി ബാധിത പ്രദേശ സന്ദർശനവും പദ്ധതി വിവര പ്രചാരണവും

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിന്റെ വിശദമായ പഠനം ആരംഭിക്കുന്നതിന് മുൻപ് സാമൂഹ്യസാമ്പത്തിക സർവ്വേയുടെ സ്ഥല സന്ദർശനവും പ്രാരംഭ പഠനവും നടത്തി. കൂടാതെ പദ്ധതി ബാധിതരുമായി സംസാരിക്കുകയും അവരുടെ പ്രതികരണങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. അഭിമുഖം സംഭാഷണ ഷെഡ്യൂളിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും സംഘം നടത്തി.

പദ്ധതി പ്രദേശവും ആഘാത ബാധിതരായ വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2021 ആഗസ്റ്റ് മാസത്തിൽ പ്രാഥമിക വിവരങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നും നേരിട്ട് ശേഖരിക്കുകയും ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സാമൂഹ്യ പ്രത്യാഘാത പഠന കരടു റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

## സ്ഥലം എം.എൽ.എ.യുമായി നടത്തിയ കൂടിക്കാഴ്ച



## പെരുമ്പളം പഞ്ചായത്തിലെ 1,13 വാർഡ് മെമ്പർമാരുമായി നടത്തിയ കൂടിക്കാഴ്ച



**അരൂക്കുറ്റി പഞ്ചായത്തിലെ വാർഡ് മെമ്പർമാരുമായി നടത്തിയ കൂടിക്കാഴ്ച**



**KRFB ഉദ്യോഗസ്ഥരുമായി നടത്തിയ കൂടിക്കാഴ്ച**



### സംയുക്ത സ്ഥല പരിശോധന



## 3.6 സ്ഥിതി വിവര ക്രോഡീകരണവും പരിശോധനയും

വിശകലനത്തിനും വിലയിരുത്തലിനുമായി ശേഖരിച്ച മുഴുവൻ സ്ഥിതി വിവരങ്ങളും ക്രോഡീകരിക്കുകയും, ആവശ്യമായ പരിശോധനകൾ നടത്തുകയും ചെയ്തു. കൂടാതെ ലഭിക്കുന്ന വിവരങ്ങൾ സമയാസമയങ്ങളിൽ ശേഖരിച്ച് ഡാറ്റ പരിഷ്കരിക്കുകയും ചെയ്തു. ഡാറ്റയിൽ പിഴവുകൾ സംഭവിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സംഘങ്ങൾ എടുത്തിരുന്നു.

## പദ്ധതി ബാധിത പ്രദേശം



## പബ്ലിക് ഹിയറിംഗ്

14 (1) ൽ ഫോം 5 അനുസരിച്ച് 2021 ഒക്ടോബർ 4-ാം തീയതി മറ്റത്തിൽ ഭാഗം യു. പി. സ്കൂൾ, അരൂക്കുറ്റി, വടുതല ജെട്ടിയിൽ വച്ചും, SNDSS ഹാൾ, വടയാഴത്ത്, പെരുമ്പ ളത്ത് വച്ചും, പബ്ലിക് ഹിയറിംഗുകൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ പങ്കെടു ക്കുന്ന ജനങ്ങളുടെ ആശങ്കകളും സംശയങ്ങളും ബന്ധപ്പെട്ട അധികാരികൾ നൽകുന്ന മറു പടിയും അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്തും.

## അദ്ധ്യായം 4

# ഭൂനിർണ്ണയം

### 4.1 ആമുഖം

പെരുമ്പളം പാലം പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കാൻ ഭൂമി നഷ്ടപ്പെടുന്ന മുഴുവൻ വ്യക്തികളുടെയും, പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുന്നവരുടെയും, സാമൂഹ്യ സാമ്പത്തിക സ്ഥിതി വിവരങ്ങൾ പ്രത്യേകമായി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ശേഖരിക്കുന്ന പ്രവർത്തികൾ 2021 ആഗസ്റ്റ് മാസത്തിൽ പൂർത്തീകരിക്കുകയും ആഘാത ബാധിതമായ വസ്തുവകകൾ, ആയതിന്റെ തരം, ഉടമസ്ഥത സ്വകാര്യ സ്വത്തിന്റെ പ്രത്യാഘാതങ്ങൾ ജനങ്ങളുടെ വരുമാനവും ജീവനോപാധികളും, ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘതത്തിന്റെ വ്യാപ്തി മുതലായ നിരവധി വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. നിർദ്ദിഷ്ട പെരുമ്പളം പാലം പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വ്യക്തമായ ചിത്രം സർവ്വേയുടെ സഹായത്താൽ താഴെ ചേർക്കുന്നു.

### 4.2 പദ്ധതി സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

പദ്ധതിക്കായി സ്ഥലം വിട്ടുകൊടുക്കുന്നവർക്ക് നഷ്ടപരിഹാരം ലഭിക്കേ വരുടെ സാമൂഹ്യ സാമ്പത്തിക പ്രത്യാഘാതമാണ് പട്ടിക 4.1ൽ ഉള്ളത്.

| ക്രമ നമ്പർ | വ്യക്തിയുടെ മേൽവിലാസം | സർവ്വേ നമ്പർ | ഉന്നയിച്ച പ്രശ്നങ്ങൾ/ ആവശ്യങ്ങൾ |
|---|---|---|---|
| 1 | ഇബ്രാഹിംകുട്ടി<br>ഹസ്സർ വില്ല<br>വടുതലജെട്ടി പി.ഒ. | T- 3527<br>319/13 | മതിൽ, ഗേറ്റ്, സെപ്റ്റിക് ടാങ്ക്, പൈപ്പ് കണക്ഷൻ, സെപ്റ്റിക് ടാങ്ക് |
| 2 | സുബൈദ<br>ജിൻസ മൻസിൽ<br>വടുതലജെട്ടി പി.ഒ. | (Old)<br>153/4<br>T- 2876 | വഴി, പൈപ്പ് കണക്ഷൻ |
| 3 | സുലൈഖ<br>ഖഫൂർ മൻസിൽ<br>വടുതലജെട്ടി പി.ഒ. | (Old)<br>152/2<br>T- 10677 | മതിൽ, തെങ്ങ് 1, ആരിവേപ്പ്, പേര, അടക്കാമരം, തെങ്ങ് തൈ, പൈപ്പ് കണക്ഷൻ |
| 4 | നൗഷാദ്<br>ദാറുൽ ഇഹ്സൽ<br>വടുതല ജെട്ടി പി.ഒ. | 319/15<br>T -5266 | മതിൽ, ഗേറ്റ്, പൈപ്പ് കണക്ഷൻ |
| 5 | നൗഷാദ് പി.<br>നഗ്മത്ത് വീട്<br>വടുതലജെട്ടി പി.ഒ. | 319/18<br>T- 3634 | തെങ്ങ് 3, തൈതെങ്ങ് 1, മോട്ടോർഷെഡ്, മതിൽ, ഗേറ്റ്, പൈപ്പ് കണക്ഷൻ |
| 6 | മുഹമ്മദ് നസീർ<br>നസീർ മൻസിൽ വീട് | 319/19<br>319/20 | മതിൽ, ഗേറ്റ്, മാവ്, പേന 2, അടക്കാമരം 1, പൈപ്പ് കണക്ഷൻ |

| | | | |
|---|---|---|---|
| | വടുതലജെട്ടി പി.ഒ. | T- 1304 | |
| 7 | നവാസ് ഷാ<br>നസീർ മൻസിൽ വീട്<br>വടുതല ജെട്ടി പി.ഒ. | 319/20,24<br>T- 3586 | തെങ്ങ് 2, മതിൽ, ഗേറ്റ് 2,<br>പൈപ്പ് കണക്ഷൻ |
| 8 | കുട്ടിയമ്മി<br>നൗക വീട്<br>വടുതലജെട്ടി പി.ഒ. | 307/19<br>318/1<br>T- 528 | പൈപ്പ് കണക്ഷൻ, തെങ്ങ് 4, തൈ തെങ്ങ് 4, ആഞ്ഞിലി 1, മാവ് 1, മതിൽ, ഗേറ്റ്, ബോർവെൽ ഷെഡ്, പേര |
| 9 | സൈനുദ്ദീൻ (Late)<br>നൗഫൽ മൻസിൽ വീട്<br>അരൂക്കുറ്റി<br>പിൻ-688535 | 306/7<br>T- 980 | പൈപ്പ് കണക്ഷൻ, തെങ്ങ് 2, പുളി 1, ജാതി 1, മതിൽ, ഗേറ്റ് 2 |
| 10 | ജമീല ബീവി<br>ജിഫ്റി കോട്ടേജ്<br>വടുതല ജെട്ടി പി.ഒ.<br>അരൂക്കുറ്റി<br>പിൻ-688535 | 306/6<br>T- 9450 | പൈപ്പ് കണക്ഷൻ, മതിൽ, ഗേറ്റ് |
| 11 | അയൂബ്<br>അൽമാസ് വീട്<br>വടുതല ജെട്ടി പി.ഒ.<br>അരൂക്കുറ്റി<br>പിൻ-688535 | 306/5<br>T- 792 | പൈപ്പ് കണക്ഷൻ, തെങ്ങ് 1, മാവ് 1, മതിൽ, ഗേറ്റ് |
| 12 | ജെട്ടി മസ്ജിദ്<br>വടുതല ജെട്ടി പി.ഒ.<br>അരൂക്കുറ്റി<br>പിൻ-688535 | 307/13<br>307/20<br>T- 7690 | മതിൽ, ഗേറ്റ്, തെങ്ങ് തൈ-2, ഷീറ്റിട്ട ഭാഗം |
| 13 | നസിറുദ്ദീൻ പി.എം.<br>ഹിറ മൻസിൽ വീട്<br>വടുതല ജെട്ടി പി.ഒ.<br>ചേർത്തല | 319/2<br>T 12830 | സ്ഥലം |
| 14 | മുഹമ്മദ് സാജു,<br>ജിഫ്റി, ജാഫർ<br>കടയപ്പറമ്പിൽ വീട്<br>വടുതല ജെട്ടി പി.ഒ.<br>അരൂക്കുറ്റി | T- 3529<br>318/2<br>318/4 | മതിൽ, തെങ്ങ് 3 |
| 15 | ഷുക്കൂർ<br>സനാർ വീട്<br>വടുതല ജെട്ടി പി.ഒ.<br>അരൂക്കുറ്റി | T- 2004<br>307/12<br>307/28<br>307/21<br>305/12 | തെങ്ങ് 2 |
| | ടി.കെ.റുഖിയ<br>സനാർ വീട്<br>വടുതല ജെട്ടി പി.ഒ.<br>അരൂക്കുറ്റി | T- 2441<br>T- 2459<br>317/3 | തെങ്ങ് 6<br>അവശേഷിക്കുന്ന സ്ഥലം കൂടി ഏറ്റെടുക്കുന്നു. |
| 16 | ഹസീന, ഷീബ<br>കൊച്ചുപടിത്തറ വീട് | T- 2049 | തെങ്ങ് 2 |

| | | | |
|---|---|---|---|
| | വടുതല ജെട്ടി പി.ഒ.<br>അരൂക്കുറ്റി | 307/17 | |
| 17 | നജീബ്<br>ലിവ വീട്<br>വടുതല ജെട്ടി പി.ഒ.<br>അരൂക്കുറ്റി - 688535 | 307/10<br>T 3445 | വീട് (പൂർണ്ണം)<br>പൈപ്പ് കണക്ഷൻ, സെപ്റ്റിക് ടാങ്ക്, |
| 18 | സൈനബ ബീവി<br>ഗ്രീൻ ഹൗസ്<br>വടുതല ജെട്ടി പി.ഒ.<br>പിൻ - 688535 | (Old)<br>153/4B-3,T-1784 | വഴി, പൈപ്പ് കണക്ഷൻ |
| 19 | സമീന<br>മർഗമ ഹൗസ്<br>വടുതല ജെട്ടി പി.ഒ.<br>അരൂക്കുറ്റി<br>പിൻ - 688535 | 306/8<br>306/9<br>T-6110 | പൈപ്പ് കണക്ഷൻ, മതിൽ, ഗേറ്റ് 2,<br>തെങ്ങ് 1 |
| 20 | ലൈല മജീദ്<br>എസ്.എം. മൻസിൽ<br>പാനായിക്കുളം പി.ഒ.<br>ആലങ്ങാട്<br>പിൻ-683511 | (Old)<br>T-10396<br>153/1-2<br>98/1-1 | കടമുറി (ഷീറ്റ്, പൂർണ്ണം) 15 വർഷമായി<br>വാടക (പച്ചക്കറി, സോണി, സഹദേവൻ) |
| 21 | സക്കീർ<br>7907953133, 9447191399 | | സർവ്വേയുമായി സഹകരിച്ചില്ല. |
| 22 | നൗഫൽ പി.എസ്.<br>നൗഫൽ മൻസിൽ ഹൗസ്<br>വടുതല ജെട്ടി പി.ഒ.<br>അരൂക്കുറ്റി | T- 8965<br>306/7 | പൈപ്പ് കണക്ഷൻ, സ്ഥലം |
| 23 | ഐഷ ഉമ്മ<br>ഇടിമണലുങ്കൽ ഹൗസ്<br>വടുതല ജെട്ടി പി.ഒ. | (Old)<br>T-13151<br>153/4-2A,<br>2B,153/1-2 | പൈപ്പ് കണക്ഷൻ, |
| 24 | സുബൈർ | T- 840<br>306/4 | തെങ്ങ് 1, മതിൽ |
| 25 | ഫാത്തിമ ലുബിന<br>വാഴയിൽ വീട്<br>അരൂർ പി.ഒ. പിൻ - 688334 | T- 8006<br>307/16-1<br>307/17-1 | സ്ഥലം |
| 26 | പ്രസിഡന്റ്<br>A-190-ാം നമ്പർ<br>വെള്ളകക്കാ സഹകരണ<br>സംഘം. ക്ലിപ്തം<br>മറ്റത്തിൽ ഭാഗം മുറി<br>വടുതല ജട്ടി പി.ഒ. | 319/1 | സ്ഥലം |
| 27 | ഇ.എം.അബ്ദുൾ റഹിമാൻ<br>6A ലിങ്ക് ഹൈറ്റ്സ്<br>പനമ്പിള്ളി നഗർ | 306/18<br>T-5103 | സ്ഥലം |

| | | | |
|---|---|---|---|
| | എറണാകുളം<br>കൊച്ചി<br>പിൻ 682036 | | |
| 28 | മുഹമ്മദ് ഷിജാബ്<br>ഇടിമണലുങ്കൽ വീട്<br>വടുതല ജെട്ടി പി.ഒ.<br>വടുതല | 307/16-2<br>T-1383 | സ്ഥലം, മതിൽ, തെങ്ങ് 2 |
| | ഇബ്രാഹിം(Late)<br>ഇടിമണലുങ്കൽ വീട്<br>വടുതല ജെട്ടി പി.ഒ.<br>വടുതല | T-2123<br>307/6<br>307/16 | സ്ഥലം, മതിൽ, ഗേറ്റ് |
| | ലൈല<br>ഇടിമണലുങ്കൽ വീട്<br>വടുതല ജെട്ടി പി.ഒ.<br>വടുതല | T-8271<br>307/17-2 | വഴി |
| 29 | സഹദേവൻ<br>കനക (Late)<br>പടിക്കൽ (H)<br>കിഴക്കേ പൂവന്തറ<br>പെരുമ്പളം, ചേർത്തല<br>പിൻ - 688570 | 29/8,<br>28/7<br>(T- 4803,<br>4056) | കുളം, മഹാഗണി-3, മാവ്-2, ആഞ്ഞിലി, പൊങ്ങില്യം |
| 30 | സതി<br>തെക്കേമുറി<br>പെരുമ്പളം<br>പിൻ-688570 | 29/3<br>(T- 1262) | കിണർ, മാവ്, തെങ്ങ്, പ്ലാവ് |
| 31 | കയർ സഹകരണസംഘം<br>നമ്പർ 377<br>പെരുമ്പളം<br>പിൻ-688570 | 28/11<br>(T- 1164) | ആഞ്ഞിലി 1, തെങ്ങ് 2, പ്ലാവ് 1 |
| 32 | സജി<br>കിഴക്കേ പൂവന്തറ വീട്<br>പെരുമ്പളം പി.ഒ.<br>പിൻ-688570 | (Old)<br>95/12 | ഇരുമ്പുഷീറ്റ്, മതിൽ, തെങ്ങ് 3, തെങ്ങ് തൈ 3, ഗേറ്റ്, പൈപ്പ് കണക്ഷൻ |
| 33 | തങ്കപ്പൻ<br>ദേവാമൃതം വീട്<br>പടിഞ്ഞാറ് മണ്ണേഴത്ത്<br>ഉദയംപേരൂർ,<br>നടക്കാവ് പി.ഒ.<br>എറണാകുളം<br>ഉദയംപേരൂർ<br>പിൻ-682307 | (Old)<br>T- 26/12<br>93/16-C<br>97/23<br>97/22<br>97/17B<br>97/203<br>(27/1,<br>T 4785) | തെങ്ങ് 2 |
| 34 | രാമൻ<br>കൂട്ടുങ്കൽ വീട്<br>നോർത്ത് ജെട്ടി<br>പെരുമ്പളം പി.ഒ. | T- 6101<br>26/6, 26/3,<br>26/11,<br>26/12 | ഒരേ കുടുംബത്തിലെ 3 പേരുടെ പേരിലാണ് സ്ഥലങ്ങൾ കിടക്കുന്നത്.<br>തെങ്ങ് |

| | | | |
|---|---|---|---|
| | സ്മിതേഷ്<br>സുമേഷ്<br>കൂട്ടുങ്കൽ വീട്<br>നോർത്ത് ജെട്ടി<br>പെരുമ്പളം പി.ഒ. | 26/13 | സ്ഥലം |
| | സുലേഖ<br>കൂട്ടുങ്കൽ വീട്<br>നോർത്ത് ജെട്ടി<br>പെരുമ്പളം പി.ഒ. | 29/6<br>T-5452 | വഴി |
| 35 | ഹരിദാസ് കെ.കെ.<br>കണ്ണിക്കാട്ടിൽ വെളിയിൽ വീട്<br>പെരുമ്പളം പി.ഒ.<br>പിൻ. 688570 | 29/6 | മതിൽ, ഗേറ്റ്, തെങ്ങ് 1, തെങ്ങ് തൈ-2 |
| 36 | രാജേഷ് പി.ഇ.<br>പൂവൻതറച്ചിറ വീട്<br>പെരുമ്പളം പി.ഒ.<br>പിൻ. 688570 | T- 6943<br>28/2 | തെങ്ങ് 3, ശുചിമുറി, , അരണ, സെപ്റ്റിക് ടാങ്ക് 2, മാവ് 1, പ്ലാവ് 1, അടയ്ക്കാമരം 4, ചെറിയ തെങ്ങ് |
| 37 | കൗമാരി സോമൻ<br>മനക്കപറമ്പിൽ<br>പുത്തൻപുര വീട്<br>തുറവൂർ സൗത്ത്<br>തുറവൂർ പി.ഒ.<br>പിൻ. 688532 | 26/14,<br>26/18<br>T-2706,<br>T-2127 | തെങ്ങ് 8, തെങ്ങ് തൈ-10, കുളം |
| 38 | ക്ലാക്സ്റ്റൻ കൊറെയാ<br>പഞ്ചാരച്ചിറ<br>1st ക്രോസ് റോഡ്<br>കടവന്ത്ര,<br>കൊച്ചിൻ - 682020 | T- 5999<br>27/2<br>27/3<br>27/14 | തെങ്ങ് -1 |
| 39 | രഞ്ജിത്ത് ലാൽ<br>തറയിൽ വീട്<br>പെരുമ്പളം പി.ഒ.<br>ചേർത്തല<br>പിൻ 688570 | T- 6496<br>26/16 | തെങ്ങ് 1, കുളം, തൈതെങ്ങ് 6, പൂവരശ് -2, പുളി 11 മാവിൻ തൈ 1, തെങ്ങ് 4 |
| | മാധവൻ<br>തറയിൽ വീട്<br>പെരുമ്പളം പി.ഒ.<br>ചേർത്തല<br>പിൻ 688570 | (Old)<br>85/9A,<br>9B, 9C,<br>7B97 | സ്ഥലം |
| 40 | ചിത്രാങ്കതൻ<br>തോട്ടങ്കര വീട്<br>പെരുമ്പളം പി.ഒ. | (Old)<br>97/13) | തെങ്ങ് 3 |
| 41 | രാജപ്പൻ<br>പുല്ലേത്ത് വീട്<br>പെരുമ്പളം പി.ഒ. | (Old)<br>53/15,<br>T-887 | തെങ്ങ് 2 |

| | | | |
|---|---|---|---|
| 42 | ഭാരതി വാസുദേവൻ (Late)<br>തൈക്കൂട്ടത്തിൽ വീട്<br>ത്രിച്ചാറ്റുകുളം പി.ഒ.<br>ചേർത്തല | (Old)<br>97/24<br>(New )<br>326/19 | തെങ്ങ് -6 |
| 43 | സുധീർ വി. തമ്പി<br>തൈക്കൂട്ടത്തിൽ വീട്<br>ത്രിച്ചാറ്റുകുളം പി.ഒ.<br>ചേർത്തല | T – 3597<br>27/8-1 | സ്ഥലം |
| 44 | പുറമ്പോക്ക് | 28/12 | പെരുമ്പളം |
| 45 | പുറമ്പോക്ക് | 317/2 | അരൂകുറ്റി |
| | പൊതുടാപ്പ് | | |

പദ്ധതി ബാധിത പ്രദേശത്ത് ചില ഭൂഉടമകൾ റീ സർവ്വേ ചെയ്ത നമ്പറുകൾ വില്ലേജിൽ നിന്നും ലഭിച്ചിട്ടില്ല എന്ന് അറിയിച്ചു. ആയതിനാൽ കൃത്യമായ സർവ്വേ നമ്പറുകൾ നൽകുകയും ചെയ്തിട്ടില്ല. തന്നതിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 4.3 പദ്ധതിക്കാവശ്യമായ ഭൂമി

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കുകളിലെ പെരുമ്പളം, അരൂക്കുറ്റി വില്ലേജുകളിൽ ഉൾപ്പെട്ട സ്ഥലമാണ് പദ്ധതി പ്രദേശം. നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി 106.75 ആർ സ്ഥലമാണ് ഏറ്റെടുക്കുന്നത്.

ഈ പ്രദേശത്ത് വീട് (പൂർണ്ണം), കടമുറി ,മതിൽ, ഗേറ്റ്, സെപ്റ്റിക് ടാങ്ക്, ശൗച്യാലയം, വൃക്ഷങ്ങൾ, ജലവിതരണ പൈപ്പുകൾ, സ്വകാര്യ വഴി, തുറസ്സായ ഭൂമി, പഞ്ചായത്ത് റോഡ്, പൊതുടാപ്പ്, എന്നിവയും ഉൾപ്പെടുന്നു.

## 4.4 പദ്ധതി ബാധിത പ്രദേശത്തെ ഏറ്റെടുക്കൽ

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിലെ പെരുമ്പളം, അരൂക്കുറ്റി വില്ലേജുകളിൽ ഉൾപ്പെട്ട സ്ഥലമാണ് പദ്ധതി പ്രദേശം. നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി പെരുമ്പളം, അരൂക്കുറ്റി പഞ്ചായത്തിലെ 106.75 ആർ സ്ഥലമാണ് ഏറ്റെടുക്കുന്നത്.

ജില്ല : ആലപ്പുഴ

താലൂക്ക് : ചേർത്തല

വില്ലേജ് : അരൂക്കുറ്റി

| ക്രമ നമ്പർ | സർവ്വെ നമ്പർ | വിവരണം | വിസ്തീർണ്ണം | | |
|---|---|---|---|---|---|
| | | | ഹെക്ടർ | ആർ | സ്ക്വ.മീ. |

| | | | | | |
|---|---|---|---|---|---|
| 1 | 306/4 | പുരയിടം | | | |
| 2 | 306/5 | പുരയിടം | | | |
| 3 | 306/6 | പുരയിടം | | | |
| 4 | 306/7 | പുരയിടം | | | |
| 5 | 306/8 | പുരയിടം | | | |
| 6 | 306/9 | പുരയിടം | | | |
| 7 | 306/18 | പുരയിടം | | | |
| 8 | 307/8 | പുരയിടം | | | |
| 9 | 307/10 | നിലം | | | |
| 10 | 307/11 | പുരയിടം | | | |
| 11 | 307/12 | നിലം | | | |
| 12 | 307/13 | നിലം | | | |
| 13 | 307/14 | നിലം | | | |
| 14 | 307/16 | പുരയിടം | | | |
| 15 | 307/17 | പുരയിടം | | | |
| 16 | 307/19 | നിലം | | | |
| 17 | 307/20 | നിലം | | | |
| 18 | 307/21 | നിലം | | | |
| 19 | 307/26 | നിലം | | | |
| 20 | 317/2 | പുറമ്പോക്ക് | | | |
| 21 | 317/6 | പുരയിടം | | | |
| 22 | 318/1 | പുരയിടം | | | |
| 23 | 318/2 | പുരയിടം | | | |
| 24 | 319/1 | പുരയിടം | | | |
| 25 | 319/2 | പുരയിടം | | | |
| 26 | 319/12 | പുരയിടം | | | |
| 27 | 319/13 | പുരയിടം | | | |
| 28 | 319/14 | പുരയിടം | | | |

| | | | | | |
|---|---|---|---|---|---|
| 29 | 319/15 | പുരയിടം | | | |
| 30 | 319/18 | പുരയിടം | | | |
| 31 | 319/19 | പുരയിടം | | | |
| 32 | 319/20 | പുരയിടം | | | |
| 33 | 319/21 | പുരയിടം | | | |
| 34 | 307/28 | പുരയിടം | | | |
| 35 | 306/20 | പുരയിടം | | | |
| 36 | 307/27 | പുരയിടം | | | |
| 37 | 308/8 | പുരയിടം | | | |
| 38 | 317/3 | പുരയിടം | | | |
| ആകെ | | | 00 | 32 | 26 |

ജില്ല : ആലപ്പുഴ

താലൂക്ക് : ചേർത്തല

വില്ലേജ് : പെരുമ്പളം

(ഏകദേശം വിസ്തീർണ്ണം ചേർത്തിരിക്കുന്നു)

| ക്രമ നമ്പർ | സർവ്വെ നമ്പർ | വിവരണം | വിസ്തീർണ്ണം | | |
|---|---|---|---|---|---|
| | | | ഹെക്ടർ | ആർ | സ്ക്വ.മീ. |
| 1 | 26/6 | നിലം | | | |
| 2 | 26/8 | പുരയിടം | | | |
| 3 | 26/12 | പുരയിടം | | | |
| 4 | 26/13 | പുരയിടം | | | |
| 5 | 26/14 | പുരയിടം | | | |
| 6 | 26/16 | പുരയിടം | | | |
| 7 | 26/17 | പുരയിടം | | | |
| 8 | 26/18 | നിലം | | | |
| 9 | 26/19 | നിലം | | | |
| 10 | 27/1 | നിലം | | | |
| 11 | 27/2 | നിലം | | | |
| 12 | 27/6 | നിലം | | | |

| | | | | | |
|---|---|---|---|---|---|
| 13 | 27/8 | നിലം | | | |
| 14 | 27/9 | നിലം | | | |
| 15 | 27/10 | നിലം | | | |
| 16 | 27/11 | നിലം | | | |
| 17 | 27/12 | നിലം | | | |
| 18 | 28/1 | പുരയിടം | | | |
| 19 | 28/2 | പുരയിടം | | | |
| 20 | 28/11 | പുരയിടം | | | |
| 21 | 28/12 | പുറമ്പോക്ക് | | | |
| 22 | 28/13 | പുരയിടം | | | |
| 23 | 29/2 | പുരയിടം | | | |
| 24 | 29/3 | പുരയിടം | | | |
| 25 | 29/6 | പുരയിടം | | | |
| 26 | 29/7 | പുരയിടം | | | |
| 27 | 29/8 | പുരയിടം | | | |
| 28 | 27/13 | നിലം | | | |
| 29 | 27/14 | നിലം | | | |
| ആകെ | | | 00 | 74 | 49 |

## 4.5 പൊതുഭൂമിയുടെ ആവശ്യകത

പെരുമ്പളം പാലം നിർമ്മാണവുമായി ബന്ധപ്പെട്ടു വരുന്ന ഭൂമിയിൽ പൊതുഭൂമി ഉൾപ്പെടുന്നുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്.

## 4.6 പദ്ധതിക്കായി വില കൊടുത്തു വാങ്ങിയിരിക്കുന്ന ഭൂമി

പദ്ധതിക്കായി ഇതുവരെ ഭൂമിയൊന്നും തന്നെ വിലകൊടുത്തു വാങ്ങിയിട്ടില്ല. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് ശേഷം മാത്രമേ സ്ഥലം ഏറ്റെടുക്കലിനുള്ള നടപടി നിർവ്വഹണം നടക്കുകയുള്ളൂ.

## 4.7 ഭൂപ്രകൃതി, നിലവിലുള്ള ഉപയോഗം, ഭൂമിയുടെ ഘടന

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിലെ പെരുമ്പളം, അരൂക്കുറ്റി വില്ലേജുകളിൽ ഉൾപ്പെട്ട സ്ഥലമാണ് പദ്ധതി പ്രദേശം. നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി 106.75 ആർ സ്ഥലമാണ് ഏറ്റെടുക്കുന്നത്.

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ തൈക്കാട്ടുശ്ശേരി ബ്ലോക്കിൽ എറണാകുളം, കോട്ടയം ജില്ലകളോടു അടുത്ത് സ്ഥിതി ചെയ്യുന്ന വേമ്പനാട് കായലും കൈതപ്പുഴ കായലും ചുറ്റിയുള്ള ദ്വീപ് പഞ്ചായത്തായ പെരുമ്പളം 16.32 ച.കി.മീ. വിസ്തീർണ്ണം ഉള്ള സമതല പ്രദേശമാണ്. ഏകദേശം 250 ഏക്കർ പാടങ്ങൾ ഉണ്ട്. 206 ഓളം പൊതുതോടുകളും 1500 ഓളം സ്വകാര്യ കുളങ്ങളും അടങ്ങിയ ജല സ്രോതസ്സുകളുള്ള പ്രദേശമാണ്. സാന്റിലോം ഇനത്തിൽ പെട്ട മണ്ണാണ് ഇവിടെയുള്ളത്. കൃഷിയും മത്സ്യബന്ധനവും കച്ചവടവുമാണ് പ്രധാന സാമ്പത്തിക സ്രോതസ്സ്. തെങ്ങ്, നെല്ല് എന്നിവയാണ് പ്രധാന കാർഷികവിളകൾ.


ആലപ്പുഴ ജില്ലയുടെ വടക്കേ അറ്റത്തു സ്ഥിതിചെയ്യുന്ന അരൂക്കുറ്റി ചരിത്ര പ്രാധാന്യമുള്ള ഒരു ഗ്രാമമാണ്. 10.11 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള 13 വാർഡുകളുള്ള ഒരു കൊച്ചു ഗ്രാമമാണ് അരൂക്കുറ്റി. ഈ ഗ്രാമം പ്രകൃതി രമണീയമായ ഒരു ഭൂപ്രദേശമാണ്. വേമ്പനാട്ടുകായലും അതിന്റെ കൈവഴിയായ കൈതപ്പുഴക്കായലും മൂന്ന് അതിരുകളും സംഗമിക്കുന്ന വികസന സാദ്ധ്യതകൾ ഏറെയുള്ള ആലപ്പുഴജില്ലയുടെ വടക്കൻ അതിർത്തി ഗ്രാമം. 1287 ഹെക്ടർ ഭൂവിസ്തൃതിയുള്ള ഈ പ്രദേശം തോടുകളും കുളങ്ങളും കായലിനോട് ചേർന്നുള്ള ചതുപ്പ് നിലങ്ങളും കൊണ്ട് ജലസമ്പന്നമാണ്. കായൽ തീരത്തോട് ചേർന്ന് ചെളി കലർന്ന മണലും ഉൾപ്രദേശങ്ങളിൽ സിലിക്ക കലർന്ന ചൊരിമണൽ നിറഞ്ഞ സാൻഡിഗോം വിഭാഗങ്ങളിൽപെട്ട മണ്ണും ഉള്ള സ്ഥലമാണ് ഇത്. കൃഷിയും മത്സ്യബന്ധനവും കച്ചവടവുമാണ് പ്രധാനമായും ആളുകളുടെ ഉപജീവനമാർഗ്ഗം.

ചേർത്തല താലൂക്കിന്റെ വടക്കുകിഴക്കൻ മേഖലയുടെ വികസനത്തിന് ഈ പാലം നിർണ്ണായക പങ്ക് വഹിക്കുന്നു. ദ്വീപ് നിവാസികളായ പെരുമ്പളം ഗ്രാമീണരുടെ ദീർഘകാല സ്വപ്നമായ ഈ പാലം. നിലവിലുള്ള ബോട്ടുകളും ചങ്ങാടങ്ങളും ചെറുവഞ്ചികളും ഉപയോഗിച്ചാണ് തുരുത്തു നിവാസികൾ മറ്റു സ്ഥലവുമായി ബന്ധപ്പെടുന്നത്. ഇതിന് ഒരു പരിഹാര മാർഗ്ഗമാണ് ഈ പുതിയ പാലം.

പെരുമ്പളം പാലം പദ്ധതിക്കായി ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിരിക്കുന്ന ഈ പ്രദേശത്ത് സ്വകാര്യ വ്യക്തികളുടെ തുറസ്സായ ഭൂമിയും, പൊതു ഭൂമിയും ഉൾപ്പെടുന്നു.

## 4.8 ഉടമസ്ഥതയുടെ സ്വഭാവം


| പട്ടിക 4.2 ഉടമസ്ഥതയുടെ സ്വഭാവം | | |
|---|---|---|
| മാതൃക | എണ്ണം | ശതമാനം |
| പരമ്പരാഗതം | 22 | 49 |
| വിലക്ക് വാങ്ങിയത് | 14 | 31.1 |



| | | |
|---|---|---|
| മറുപടിയില്ല | 7 | 15.5 |
| അപ്രസക്തം | 2 | 4.4 |
| ആകെ | 45 | 100 |

## 4.9 സ്ഥലത്തിന്റെ ഉടമസ്ഥാവകാശ കാലയളവ്

| വർഷം | എണ്ണം | ശതമാനം |
|---|---|---|
| 61 -80 | 2 | 4.4 |
| 81 -90 | 2 | 4.4 |
| 91-2000 | 8 | 17.8 |
| 2001-2010 | 8 | 17.8 |
| 2011-2021 | 12 | 26.7 |
| മറുപടിയില്ല | 11 | 24.5 |
| അപ്രസക്തം | 2 | 4.4 |
| ആകെ | 45 | 100 |




## 4.10 പദ്ധതി പ്രദേശത്തെ മുൻകാല വ്യവഹാരങ്ങൾ

വിവരദാതാക്കളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ യാതൊരുവിധ ഭൂമി കൈമാറ്റങ്ങളും നടന്നിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്.

(മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ പരിശോധനാവേളയിൽ, ബന്ധപ്പെട്ട കക്ഷികൾ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇവ തെളിയിക്കുന്ന അനുബന്ധ രേഖകൾ പരിശോധിക്കേണ്ടതാണ്.)

അദ്ധ്യായം 5

# ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണവും നഷ്ടപ്പെടുന്ന സ്വത്ത് വിവരങ്ങളും

## 5.1 ആമുഖം

പദ്ധതിയുടെ നടത്തിപ്പിൽ പ്രത്യക്ഷമായും പരോക്ഷമായും കുടുംബങ്ങൾക്ക് നേരിടേണ്ടി വരുന്ന ആഘാതത്തിന്റെ അളവും നഷ്ടപ്പെടുന്ന വസ്തുവകകളുടെ വിലയിരുത്തലുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 5.2 പദ്ധതിയുടെ ആഘാതം പ്രത്യക്ഷത്തിൽ ബാധിക്കുന്നവർ

നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി 106.75 ആർ സ്ഥലമാണ് ഏറ്റെടുക്കുന്നത്. പദ്ധതി ബാധിത പ്രദേശത്ത് വീട് (പൂർണ്ണം), കടമുറി ,മതിൽ, ഗേറ്റ്, സെപ്റ്റിക് ടാങ്ക്, ശൗച്യാലയം, വൃക്ഷങ്ങൾ, ജലവിതരണ പൈപ്പുകൾ, സ്വകാര്യ വഴി, തുറസ്സായ ഭൂമി, പഞ്ചായത്ത് റോഡ്, പൊതുടാപ്പ്, എന്നിവയും ഉൾപ്പെടുന്നു.

## 5.3 പദ്ധതിയുടെ പരോക്ഷ ഫലങ്ങൾ

ഭൂമി ഏറ്റെടുക്കൽ പ്രത്യക്ഷത്തിൽ ബാധിക്കാത്തവരും എന്നാൽ അവിടെ താമസിക്കുന്നവരോ ജോലി ചെയ്യുന്നവരോ ആയവരെയാണ് പദ്ധതി പരോക്ഷമായി ബാധിക്കുന്നവർ എന്ന് കണക്കാക്കുന്നത്. പദ്ധതി ബാധിത പ്രദേശത്ത് കട നടത്തുന്ന ഒരു കുടുംബം ഉൾപ്പെടുന്നു. ആയതിനാൽ ഈ ഏറ്റെടുക്കൽ ഉപജീവനമാർഗ്ഗത്തെ ബാധിക്കുന്നു.

## 5.4 പട്ടിക വർഗ്ഗക്കാരുടെയോ വനാവകാശം നഷ്ടപ്പെടുന്ന പരമ്പരാഗത വനനിവാസികളുടെയോ കുടുംബങ്ങളാണോ?

നിർദ്ദിഷ്ട പദ്ധതിയ്ക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം പട്ടിക വർഗ്ഗക്കാരുടെയോ വനാവകാശം നഷ്ടപ്പെടുന്ന പരമ്പരാഗത വനനിവാസികളുടെയോ കുടുംബങ്ങളുടേതല്ല.

## 5.5 ഏറ്റെടുക്കുന്ന സ്ഥലം മൂന്ന് വർഷമായി ഉപജീവനത്തിനായി ആശ്രയിച്ചിരുന്ന കുടുംബങ്ങളാണോ?

പദ്ധതി പ്രദേശത്ത് കട സ്വന്തമായി നടത്തുന്ന ഒരു കുടുംബം ഉൾപ്പെടുന്നു. അവരുടെ ആകെയുള്ള ഉപജീവനമാർഗ്ഗം നഷ്ടമാകുന്നു. ആയതിനാൽ ഈ ഏറ്റെടുക്കൽ ഉപജീവനമാർഗ്ഗത്തെ ബാധിക്കുന്നു.

## 5.6 ഏറ്റെടുക്കുന്ന സ്ഥലം സംസ്ഥാന കേന്ദ്രസർക്കാരുകളുടെ ഏതെങ്കിലും ക്ഷേമപദ്ധതിയുടെ ഭാഗമായി ലഭിച്ച കുടുംബങ്ങളുടേതാണ്.

നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലം സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ ഏതെങ്കിലും ക്ഷേമ പദ്ധതിയുടെ ഭാഗമായി ലഭിച്ച കുടുംബങ്ങളുടേതല്ല.

## 5.7 ഏറ്റെടുക്കലിന് മൂന്ന് വർഷമോ അതിലധികമോ മുമ്പായി നഗര പ്രദേശങ്ങളിൽ പാർക്കുന്ന കുടുംബങ്ങളാണോ ?

നിർദ്ദിഷ്ട പദ്ധതിയ്ക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം നഗര പ്രദേശങ്ങളിൽ പാർക്കുന്ന കുടുംബങ്ങളുടേതല്ല.

## 5.8 ഏറ്റെടുക്കൽ മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് പൊതുസ്ഥലത്തെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങൾ

നിർദ്ദിഷ്ട പദ്ധതിയ്ക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം ഏറ്റെടുക്കൽ മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടു പൊതുസ്ഥലത്തെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങൾ ഉൾപ്പെടുന്നില്ല.

## 5.9 ഫലദായക വസ്തുക്കളുടെ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് മാവ്, തൈതെങ്ങ്, തെങ്ങ്, മഹാഗണി, മറ്റ് മരങ്ങൾ നഷ്ടപ്പെടും എന്നാണ് അറിയാൻ കഴിഞ്ഞത്.

## അദ്ധ്യായം 6

# സാമൂഹ്യ സാമ്പത്തിക രൂപരേഖ


### 6.1 പശ്ചാത്തലം

പദ്ധതി ബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്ക്കാരിക തലങ്ങളിലെ അവസ്ഥയും, പ്രസ്തുത ഘടകങ്ങളുടെ സ്ഥിതി വിശേഷവുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സ്ഥിതി, ജീവനോപാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ അനുബന്ധ വിവരങ്ങൾ എന്നിവയാണ് ഈ അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നത്.

### 6.2 കുടുംബ വിവരങ്ങൾ


**പട്ടിക 6.1 കുടുംബ വരുമാനം**

| പ്രതിമാസ കുടുംബ വരുമാനം | എണ്ണം | ശതമാനം |
|---|---|---|
| 5000 രൂപ വരെ | 8 | 17.8 |
| 5001-10000 | 4 | 8.9 |
| 10001-20000 | 5 | 11.1 |
| 25000-50000 | 7 | 15.5 |
| 100000 ന് മുകളിൽ | 4 | 8.9 |
| മറുപടിയില്ല | 15 | 33.3 |
| അപ്രസക്തം | 2 | 4.4 |
| ആകെ | 45 | 100 |




## പട്ടിക 6.2 വയസ്സുതിരിച്ചുള്ള വിവരം

| വയസ്സ് | എണ്ണം | ശതമാനം |
|---|---|---|
| 10 വയസ്സു വരെ | 11 | 7.2 |
| 11 - 20 | 26 | 16.9 |
| 21 - 30 | 21 | 13.6 |
| 31 - 40 | 20 | 13 |
| 41 - 50 | 24 | 15.6 |
| 51 - 60 | 20 | 13 |
| 61-70 | 12 | 7.8 |
| 70 ന് മുകളിൽ | 14 | 9.0 |
| അപ്രസക്തം | 2 | 1.3 |
| മറുപടിയില്ല | 4 | 2.6 |
| ആകെ | 154 | 100 |





## പട്ടിക 6.3 വിവാഹിതർ/ അവിവാഹിതർ/ വിധവകൾ

| നില | എണ്ണം | ശതമാനം |
|---|---|---|
| വിവാഹിതർ | 91 | 59.1 |
| അവിവാഹിതർ | 20 | 13 |
| വിധവ | 8 | 5.2 |
| കുട്ടികൾ | 30 | 19.4 |
| വിഭാര്യൻ | 1 | 0.64 |
| മറുപടിയില്ല | 2 | 1.3 |
| അപ്രസക്തം | 2 | 1.3 |
| ആകെ | 154 | 100 |




## പട്ടിക 6.4 പദ്ധതി ബാധിത ജനങ്ങളുടെ വിദ്യാഭ്യാസം

| വിദ്യാഭ്യാസം | എണ്ണം | ശതമാനം |
|---|---|---|
| പ്രാഥമികം | 36 | 23.4 |
| എസ്.എസ്.എൽ.സി. | 29 | 18.9 |
| സെക്കൻഡറി | 24 | 15.6 |
| ഡിഗ്രി | 37 | 24 |
| മാസ്റ്റേഴ്സ് ബിരുദം | 17 | 11 |
| മറ്റുള്ളവ | 4 | 2.6 |
| നിരക്ഷരർ | 2 | 1.3 |
| അപ്രസക്തം | 2 | 1.3 |
| പഠിക്കാറാകാത്ത കുട്ടികൾ | 3 | 1.9 |
| ആകെ | 54 | 100 |





## പട്ടിക 6.5 പദ്ധതി ബാധിത ജനങ്ങളുടെ തൊഴിൽ സംബന്ധമായവിവരങ്ങൾ

| മേഖല | എണ്ണം | ശതമാനം |
|---|---|---|
| ബിസിനസ്സ് | 7 | 14 |
| കൂലി | 5 | 10 |
| സ്വകാര്യ മേഖലയിലെ ജോലി | 10 | 20 |
| കച്ചവടം | 3 | 6 |
| മത്സ്യബന്ധനം | 1 | 2 |
| ഡ്രൈവർ | 1 | 2 |
| ഗൾഫ് | 3 | 6 |
| ഗവൺമെന്റ് പെൻഷൻ | 1 | 2 |
| വാടക വരുമാനം | 3 | 6 |
| മറുപടിയില്ല | 10 | 20 |
| കേന്ദ്ര ഗവൺമെന്റ് | 2 | 4 |
| സർക്കാർ മേഖലയിലെ തൊഴിൽ | 2 | 4 |
| അപ്രസക്തം | 2 | 4 |
| ആകെ | 50 | 100 |



## പട്ടിക 6.6 റേഷൻ കാർഡിന്റെ തരം തിരിവ്

| തരം | എണ്ണം | ശതമാനം |
|---|---|---|
| മഞ്ഞ | 1 | 2.3 |
| റോസ് | 6 | 13.4 |
| നീല | 18 | 40 |
| വെള്ള | 2 | 4.4 |
| മറുപടിയില്ല | 16 | 35.5 |
| അപ്രസക്തം | 2 | 4.4 |
| ആകെ | 45 | 100 |




## 6.4 മതവിഭാഗം

ആഘാതബാധിത കുടുംബങ്ങൾ മുസ്ലീം (68%), ഹിന്ദു (30%), ക്രിസ്ത്യൻ (2%) വിഭാഗങ്ങളിൽപ്പെടുന്നു.

(മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ പരിശോധനാവേളയിൽ, ബന്ധപ്പെട്ട കക്ഷികൾ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇവ തെളിയിക്കുന്ന അനുബന്ധ രേഖകൾ പരിശോധിക്കേണ്ടതാണ്.)

### അദ്ധ്യായം 7

# സാമൂഹ്യാഘാതത്തിന്റെ ലഘൂകരണം

## 7.1 ആഘാതം കുറയ്ക്കുന്നതിനുള്ള സമീപനം

പ്രസ്തുത പദ്ധതിക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനുവേണ്ടിയാണ് സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണം ആസൂത്രണം തയ്യാറാക്കിയിരിക്കുന്നത് പ്രധാനമായും നഷ്ടപരിഹാരമായി തൃപ്തികരമായ തുക നൽകാനാണ് വ്യക്തികൾ ആവശ്യപ്പെടുന്നത്. ആയതിനാൽ ഏറ്റെടുക്കുന്ന സ്ഥലത്തിനും വസ്തുവകകൾക്കും നൽകേണ്ട വില ആഘാത ബാധിതരുമായി ചേർന്ന് ചർച്ച ചെയ്ത് തീരുമാനിക്കുകയും, സ്ഥലം ഏറ്റെടുക്കുന്നതിന് മുൻപേ ഈ തുക വിതരണം ചെയ്യുക എന്നതുമാണ് പ്രത്യാഘാത ലഘൂകരണ നടപടിക്കായി നിർദ്ദേശിക്കുന്നത്.

പ്രകൃതി സൗഹൃദമായ വികസനവും, നഗരത്തിന്റെ ആകമാന നന്മയ്ക്കും വേണ്ടി പദ്ധതി ബാധിതരെ ബോധവൽക്കരിക്കുകയും, പദ്ധതി മൂലം ഉണ്ടാകുന്ന പ്രയോജനങ്ങൾക്ക് ഭാഗമാക്കാൻ ഉതകുന്ന നടപടികൾ സ്വീകരിക്കുന്നത് പ്രത്യാഘാതത്തെ ലഘൂകരിക്കാൻ സഹായിക്കും.

## 7.2 ആഘാതം ഇല്ലാതാക്കുവാനോ ലഘൂകരിക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 (RFCTLARR Act 2013) നിഷ്കർഷിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാരം യഥാസമയം നൽകുക.

## 7.3 മരങ്ങൾക്കും മറ്റ് സ്ഥാവര വസ്തുക്കൾക്കുമുള്ള നഷ്ടപരിഹാരം

ഏറ്റെടുക്കുന്ന ഭൂമിയിലെ മരങ്ങൾക്കും മറ്റ് സ്ഥാവര വസ്തുക്കൾക്കും അർഹമായ നഷ്ടപരിഹാരം പുനരധിവാസ പാക്കേജിൽപ്പെടാൻ ഇടനൽകേ താണ്.

## 7.4 പദ്ധതി നിർദ്ദേശത്തിലെ നടപടികൾ

ബന്ധപ്പെട്ട സമിതി നഷ്ടപരിഹാര വിതരണത്തിനായി ഒരു പ്രത്യേക ബജറ്റ് വകഇരുത്തുക.

## 7.5 പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നമ്പർ | ഉണ്ടാകുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘുകരണ നടപടികൾ |
|---|---|---|---|
| 1. | താമസ ഭവനങ്ങളുടെ നഷ്ടം | പുനരധിവാസവും നഷ്ട പരിഹാരവും | പുനരധിവാസവും നഷ്ടപരിഹാരവും |
| 2. | കൃഷിഭൂമിയുടെയും വരുമാനത്തിന്റെയും നഷ്ടം | നഷ്ടപരിഹാരം | ന്യായമായ നഷ്ടപരിഹാരം |
| 3. | മരങ്ങളുടെ നഷ്ടം | നഷ്ടപരിഹാരവും നിയന്ത്രണവും | മതിയായ നഷ്ടപരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 4. | നാണ്യ വിളകളുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം |
| 5. | അവശേഷിക്കുന്ന ഭൂമി യിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം | പ്രവേശനമാർഗ്ഗങ്ങളുടെ പുനസ്ഥാപനം |
| 6. | ശബ്ദം, അന്തരീക്ഷ മലിനീകരണം, ജലമലിനീ കരണം, പൊടി എന്നിവ | നിയന്ത്രണം | പ്രത്യാഘാത ലഘുകരണ നടപടികൾ രൂപരേഖയിൽ ഉൾപ്പെടുത്തുക |
| 7. | ഭൂമി ഏറ്റെടുക്കലിലും നഷ്ടപരിഹാര വിതരണത്തിലും ഉ ാകുന്ന കാലതാമസം | ശരിയായ മേൽനോട്ടവും നിയന്ത്രണവും | ഭൂമി ഏറ്റെടുക്കലിന് മുമ്പ് നഷ്ട പരിഹാരം വിതരണം ചെയ്യുക |
| 8. | ജല സ്രോതസുകളുടെ നഷ്ടം | നിയന്ത്രണം | നടപ്പാക്കൽ ഏജൻസി തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ഭൂഗർഭ ജലപരി പോഷണം ഉറപ്പ് വരുത്തണം |
| 9. | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക |
| 10 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മിറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി സ്ഥാപന സംവിധാനം

## 8.1 സ്ഥാപന സംവിധാനങ്ങളും ചുമതലപ്പെട്ട വ്യക്തികളും

RFCTLARR നിയമം 2013-ൽ നിർവ്വഹിക്കുന്നതിൻ പ്രകാരം സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും. പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനസ്ഥാപന സ്കീം തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്വം ഗവൺമെന്റിനെയും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗദർശനത്തിനും നിയന്ത്രണത്തിനും വിധേയമായ പുനരധിവാസത്തിനും പുനസ്ഥാപനത്തിനുള്ള അഡ്മിനി സ്ട്രേറ്റർ തന്റെ കീഴിലുള്ള പ്രോജക്ടിനുവേണ്ടിയുള്ള പുനരധിവാസത്തിനും പുനസ്ഥാപന ത്തിനുമുള്ള സ്കീമിന്റെ രൂപീകരണത്തിനും നടത്തിപ്പിനും നേൽനോട്ടത്തിനും ഉത്തരവാദി യായിരിക്കുന്നതാണ്.

RFCTLARR നിയമം 2013-ൽ നിർവ്വഹിക്കും പ്രകാരമുള്ള ഉചിതമായ നഷ്ടപരി ഹാരം നൽകുന്നത് വഴി നിർദ്ദിഷ്ട പദ്ധതിയുടെ പ്രത്യാഘാതം ലഘൂകരിക്കാൻ സാധിക്കാ ത്തതാണ്.

ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി കേരള സർക്കാർ രൂപീകരിച്ച നിയമത്തിൽ പറയുന്ന പ്രകാരം ന്യായമായ നഷ്ടപരിഹാരം, പുനര ധിവാസം, പുനസ്ഥാപനം എന്നിവയ്ക്കുവേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയിൽ ചുവടെ ചേർക്കുന്ന ആളുകളെ ഉൾപ്പെടുത്തേ താണ്.

- ജില്ലാകളക്ടർ
- പുനരധിവാസ പുനസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമിയേറ്റെടുക്കൽ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥർ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളാൻ അർത്ഥന അധികാരികളുടെ പ്രതിനിധികൾ
- തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രതിനിധികൾ

അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ബഡ്ജറ്റ്

## 9.1 പുനഃസ്ഥാപനത്തിനും പുനരധിവാസത്തിനും വരുന്ന ചിലവ്

പദ്ധതിബാധിത പ്രദേശം പുനസ്ഥാപനത്തിനും പുനരധിവാസത്തിനും വരുന്ന ചിലവ് കണക്കാക്കിയിട്ടില്ല.

## 9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

ബാധകമല്ല

## 9.3 സാമ്പത്തിക സ്രോതസ്സ് തരംതിരിച്ച്

പദ്ധതി ബാധിത പ്രദേശത്ത് സാമ്പത്തിക സ്രോതസ്സ് തരം തിരിച്ചിട്ടില്ല.

## അദ്ധ്യായം 10

# സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി- മേൽനോട്ടവും മൂല്യനിർണ്ണയവും

### 10.1 മേൽനോട്ടവും മൂല്യനിർണ്ണയവും - പ്രധാന സൂചികകൾ

- ഭൂവുടമകളുടെ ജില്ലാതല പർച്ചേസിംഗ് കമ്മിറ്റി മീറ്റിംഗിൽ ഉള്ള പങ്കാളിത്തം
- എത്ര ഭൂവുടമകളിൽ നിന്ന് നേരിട്ട് ഭൂമി വാങ്ങാൻ സാധിച്ചു
- നഷ്ടപരിഹാരം കണക്കാക്കുവാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ
- തടസ്സപ്പെട്ട പ്രവേശന മാർഗ്ഗങ്ങളുടെ പുനസ്ഥാപനം
- പരാതി പരിഹാര സമിതിയുടെ രൂപീകരണം
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന സമയം

### 10.2 റിപ്പോർട്ടിംഗ് രീതിയും മേൽനോട്ടവും കർത്തവ്യങ്ങളും

ബാധകമല്ല

### 10.3 സ്വതന്ത്ര മൂല്യനിർണ്ണയം-രൂപരേഖ

ബാധകമല്ല

## അദ്ധ്യായം -11

# നേട്ടങ്ങളും കോട്ടങ്ങളും അപഗ്രഥനം ഭൂമി ഏറ്റെടുക്കൽ സംബന്ധിക്കുന്ന നിർദ്ദേശം

### 11.1. അന്തിമ ഉപസംഹാരം ജനകീയ ലക്ഷ്യങ്ങളുടെ വിലയിരുത്തൽ

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കുകളിലെ പെരുമ്പളം ,അരൂക്കുറ്റി വില്ലേജുകളിൽ ഉൾപ്പെട്ട സ്ഥലമാണ് പദ്ധതി പ്രദേശം. നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി 106.75 ആർ സ്ഥലമാണ് ഏറ്റെടുക്കുന്നത്.

പെരുമ്പളം പാലം പൂർത്തിയാകുന്നതോടെ പ്രദേശത്തെ വിനോദസഞ്ചാരം, കൃഷി, ചെറുകിട വ്യവസായം എന്നീ മേഖലകൾക്ക് വമ്പിച്ച പിൻതുണ ലഭ്യമാകുകയും, ചുറ്റുപാടുമുള്ള ഗ്രാമങ്ങളുടെ സാമ്പത്തിക വളർച്ചയ്ക്ക് വളരെ സംഭാവന ചെയ്യുകയും, തദ്ദേശീയർക്ക് തൊഴിലവസരങ്ങൾ തുറന്ന് കൊടുക്കുകയും ചെയ്യും. പദ്ധതി യാഥാർത്ഥ്യമാക്കുന്നതിലൂടെ ഇതരസ്ഥലങ്ങളിലേക്കുമുള്ള യാത്രാസൗകര്യം മെച്ചപ്പെടുകയും യാത്ര എളുപ്പത്തിലാക്കുന്നതിനും സമയ ദൈർഘ്യം കുറയ്ക്കുന്നതിനും നിർദ്ദിഷ്ട പദ്ധതി അനിവാര്യമാണെന്നാണ് പൊതുജന അഭിപ്രായത്തിലൂടെയും, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ വെളിവാക്കപ്പെടുന്നത്.

നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി സ്വകാര്യ ഉടമസ്ഥതയിലുള്ളതും 2013-ലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിലുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്. പെരുമ്പളം പാലത്തിന്റെ അഭാവം നിമിത്തം ദൈനംദിനം കഷ്ടതയനുഭവിക്കുന്ന വാഹന യാത്രക്കാർ പ്രദേശവാസികൾ എന്നിവരെല്ലാം ഈ വികസന പദ്ധതി അത്യാന്താപേക്ഷിതമാണെന്ന് കരുതുന്നവരാണ്. ഈ നിർമ്മാണ പദ്ധതിക്കായി ന്യായമായ വില ലഭ്യമാക്കി ഭൂമി വിട്ട് നൽകുന്നതിന് സമ്മതമുള്ളവരുമാണ്.

### 11.2 പ്രത്യാഘാതങ്ങളുടെ സ്വഭാവവും തീവ്രതയും

പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമിയിൽ നിലവിൽ വാസസ്ഥലം ,കടമുറി, തുറസ്സായ ഭൂമികളും, പല തരത്തിലുള്ള ചമയങ്ങളും എന്നിവ ഉൾപ്പെടുന്നു.

നിർദ്ദിഷ്ട പദ്ധതിയിൽ നിന്ന് ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ പ്രധാനമായും വായുവിന്റെ ഗുണനിലവാരങ്ങൾ, ശബ്ദം, പുനരധിവാസം, ആളുകളെ പുനരധിവസിപ്പിക്കുക, നിർമ്മിതികൾ പൊളിക്കുക എന്നിവയാണ്. റോഡിന്റെ മാറ്റങ്ങൾ സാമ്പത്തിക ഉന്നമനത്തിനും കാരണം ആവുന്നു. റോഡിന്റെ അരികിൽ താമസിക്കുന്ന ചില നിവാസികൾക്ക് പ്രതികൂല ഫലങ്ങൾ ഉണ്ടായേക്കാം.

സംസ്ഥാനത്തെ ഏറ്റവും വലിയ പാലങ്ങളിൽ ഒന്നാണ് പെരുമ്പളം പാലം. ചേർത്തല താലൂക്കിന്റെ വടക്കുകിഴക്കൻ മേഖലയുടെ വികസനത്തിന് ഈ പാലം നിർണ്ണായക പങ്ക് വഹിക്കുന്നു. ദ്വീപ് നിവാസികളായ പെരുമ്പളം ഗ്രാമീണരുടെ ദീർഘകാല സ്വപ്നമായ ഈ പാലം ദ്വീപ് നിവാസികൾക്ക് പുറംലോകവുമായി ബന്ധപ്പെടാനുള്ള വഴി സാധ്യമാകുന്നു. നിലവിലുള്ള ബോട്ടുകളും ചങ്ങാടങ്ങളും ചെറുവഞ്ചികളും ഉപയോഗിച്ചാണ് തുരുത്തു നിവാസികൾ മറ്റു സ്ഥലവുമായി ബന്ധപ്പെടുന്നത്. ഇതിന് ഒക്കെ പരിഹാര മാർഗ്ഗമാണ് ഈ പുതിയ പാലം.

ഇവിടുത്തെ ജനങ്ങൾ അധികവും കൃഷി, മത്സ്യബന്ധനം, മത്സ്യസംസ്കരണം, കെട്ടിട നിർമ്മാണം, കച്ചവടം തുടങ്ങിയ മേഖലകളിൽ ജോലി ചെയ്യുന്നു. സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ മേഖല, ഐ.റ്റി. നഗരമായ കൊച്ചിയുമായി ഇടചേർന്ന് തൊഴിൽ മേഖലകളിലും തൊഴിൽ ചെയ്യുന്ന നല്ലൊരു വിഭാഗം ഇവിടെയുണ്ട്. വിദ്യാഭ്യാസ നിലവാരം ഉയർന്നതും ഓരോ മേഖലയിലും വൈദഗ്ദ്യമുള്ളവരും വസിക്കുന്ന ശാന്തസുന്ദരമായ ഗ്രാമീണ ജനവിഭാഗമാണ് ഇവിടുള്ളത്. ഓരോ മേഖലയുടേയും അവസ്ഥകളും പ്രശ്നങ്ങളും പരിഹാരവും പദ്ധതി ആസൂത്രണത്തിന് ഏറെ പ്രാധാന്യം ഏകുന്നു.അതുപോലെ തന്നെ ഭാവിയിലെ ടൂറിസ്റ്റ് വികസനത്തിനും വഴി ഒരുക്കുന്നു.

ഇതൊരു പൊതുവികസന പ്രവർത്തനത്തിനായതിനാൽ വ്യക്തികൾ സ്ഥലം വിട്ടു നൽകേ താായി വരുന്നു. ഏതൊരു പൊതുവികസന പ്രവർത്തനത്തിനായും സ്ഥലം ഏറ്റെടുക്കുമ്പോൾ പല വ്യക്തികളെയും പ്രതികൂലമായി ബാധിക്കാറുണ്ട്. ഇത്തരത്തിലുള്ള വികസന പ്രവർത്തനത്തിനായി പ്രതികൂല സാഹചര്യങ്ങളിലൂടെ കടന്ന് പോകേ ിവരികയും പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടിവരികയും ചെയ്യുന്നവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഉയർന്ന് വന്നിട്ടുള്ള സംവിധാനങ്ങളിൽ ഒന്നാണ് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനുംസുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 നിഷ്കർഷിച്ചിരിക്കുന്നു. ഇന്ത്യൻ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടക്കുമ്പോൾ അതിലെ പൊതുതാൽപര്യവും സാമൂഹിക ആഘാതവും നിർണ്ണയിക്കണം എന്ന് ഈ നിയമത്തിലെ വകുപ്പ് 4 നിഷ്കർഷിക്കുന്നു.

# സംഗ്രഹം

ഗ്രാമങ്ങളുടെ ഗതാഗതവും യാത്രാക്ലേശവും സംബന്ധിച്ചിടത്തോളം, പെരുമ്പളം പാലം പദ്ധതി ഒരു നാഴികക്കല്ലാണ്. നിർദ്ദിഷ്ട പദ്ധതിയ്ക്കാവശ്യമായത് 106.75 ആർ സ്ഥലമാണ്. RFCTLARR നിയമം 2013 അനുസരിച്ച് പ്രശ്നബാധിതർക്ക് ന്യായമായ നഷ്ടപരിഹാരം ലഭിക്കുവാൻ ഈ പഠനം സഹായകരമാണ്.

പദ്ധതിയുടെ സാക്ഷാത്ക്കാരത്തിനായി, നിരവധി ആളുകൾക്ക് സ്വന്തം വസ്തുവകകൾ ത്യജിക്കേണ്ടതായിട്ടുണ്ട്. പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമേറ്റെടുക്കലിൽ സ്വകാര്യ വ്യക്തികളുടെ തുറസ്സായ ഭൂമിയും, പൊതുഭൂമിയും, ഉൾപ്പെടുന്നു. എന്നാൽ പദ്ധതി വരുന്നത് ഒരുപാട് ജനങ്ങൾക്ക് ഉപകാരപ്പെടുന്നതാണ്. ദൂരക്കുറവ് യാഥാർത്ഥ്യമാകുന്നത് പോലെ സമയലാഭവും ഉണ്ടാകുന്നതാണ്.

പദ്ധതി യാഥാർത്ഥ്യമാക്കുന്നതിലൂടെ ഇതര സ്ഥലങ്ങളിലേക്കുമുള്ള യാത്രാ സൗകര്യം മെച്ചപ്പെടുകയും യാത്ര എളുപ്പത്തിലാക്കുന്നതിനും സമയ ദൈർഘ്യം കുറയ്ക്കുന്നതിനും നിർദ്ദിഷ്ട പദ്ധതി അനിവാര്യമാണെന്നാണ് പൊതുജന അഭിപ്രായത്തിലൂടെയും, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ വെളിവാക്കപ്പെടുന്നത്

തദ്ദേശീയർക്ക് നഷ്ടപരിഹാരാവകാശ നിയമം 2013 പ്രകാരം ന്യായമായ നഷ്ടപരിഹാരം ലഭിക്കേണ്ടത് ആവശ്യമാണ്. ഇതിലേക്കായി, പഠനസംഘം പ്രദേശത്തെ സാമൂഹ്യാഘാതം പഠിക്കുകയും, ആഘാത ലഘൂകരണ നടപടികൾ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുമുണ്ട്.

പദ്ധതിയുടെ ഗുണകരമായ വശം പരിശോധിക്കുകയാണെങ്കിൽ പെരുമ്പളം പാലം പദ്ധതിക്ക് സ്ഥലമേറ്റെടുക്കൽ അത്യന്താപേക്ഷിതമാണ്. ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സ്ഥലത്തിന്റേയും വസ്തുകകളുടേയും നഷ്ടം പരിഹരിക്കാനാവശ്യമായ വകുപ്പുകൾ നഷ്ടപരിഹാരാവകാശ നിയമം 2013-ൽ വേണ്ടുവോളം അടങ്ങിയിട്ടുണ്ട്.

YOUTH SOCIAL SERVICE ORGANIZATION
COLLEGE P.O., COCHIN, KERALA-686 666
REG:112/95
KOTHAMANGALAM